# മലങ്കരസഭ

## മാസിക

ജൂലൈ 2000



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

പാപത്തിനും, ശാപത്തിനും, ദുഷ്ടനും, പ്രലോഭനങ്ങൾക്കും, ശത്രുക്കൾക്കും, അധികാരികൾക്കും, മനുഷ്യർക്കും, നശിപ്പിക്കുവാനോ, ദ്രോഹിക്കുവാനോ, നിന്ദിക്കുവാനോ, കഴിയാത്ത വിധത്തിൽ ജീവിതത്തിൽ അതുല്യ വിജയവും സമാധാനവും, പരിശുദ്ധാത്മശക്തിയും, ദൈവത്തിന്റെ സർവ്വായുധവർഗ്ഗവും, ആത്മവിശ്വാസവും ധൈര്യവും, പ്രാർത്ഥനയുടേയും, വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ആത്മാവും, മനഃശക്തിയും, ആരോഗ്യവും സൗഭാഗ്യങ്ങളും, സുദൃഢ ബോധ, ബുദ്ധി, ചിന്ത, വിചാരം, വിവേകം, ആലോചനാസൗഖ്യവും അനുകൂലപരിതസ്ഥിതികളും സുരക്ഷിതത്വവും, കുടുംബസമാധാനവും, ദാമ്പത്യ സമാധാനവും ഉദ്യോഗസമാധാനവും പഠനവിജയവും ഉദ്യോഗലബ്ദിയും, ദീർഘായുസ്സും, എന്നിവയുടെ പൂർണ്ണ സൗഖ്യവും നിത്യമായി ലഭിച്ചു. തലയിലും ശരീരത്തിലും ഉള്ള മുഴകൾക്ക് സൗഖ്യവും നന്ദി!







**T.V. Varghese,**

Rtd. Deputy Director of Education

T.V. Geevarghese, Leny, Gregory, Maria


# മലങ്കരസഭ

മാസിക

ദേവലോകം കോട്ടയം-686 038

ഫോൺ: 0481-573234

ലക്കം: 7 പുസ്തകം 56

ജൂലൈ 2000




PATRON SAINT


**പത്രാധിപസമിതി**

*പ്രസിഡന്റ്*

ഫീലിപ്പോസ് മാർ യൗസേബിയോസ്

ഫോൺ: 0473-322243 (Off) 325942 (Res)

*വൈസ് പ്രസിഡന്റ്*

പൗലൂസ് മാർ മിലിത്തിയോസ്

ഫോൺ: 0488-523001

*ചീഫ് എഡിറ്റർ*

ഫാ. ഡോ. ജേക്കബ് കുര്യൻ

ഫോൺ: 0481-568046

*അംഗങ്ങൾ*

ഫാ. റ്റി.ജെ. ജോഷ്വ

ഫാ. കെ.എം. ജോർജ്ജ്

ഫാ. ജോസഫ് സാമുവൽ കറുകയിൽ

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

എ.കെ. തോമസ് (സഭാ സെക്രട്ടറി)

ഡോ. സാമുവേൽ ചന്ദനപ്പള്ളി

അഡ്വ. പി.സി. മാത്യു, പുലിക്കോട്ടിൽ

പോൾ മണലിൽ

കെ.വി. മാമ്മൻ

*മാനേജർ*

ഫാ. റ്റി.ജി. സഖറിയ

ഫോൺ: 0481-578234

*മാനേജിംഗ് എഡിറ്റർ*

ഫാ. റ്റി.എ. ഇടയാടി

ഫോൺ: 0473-360421 (Res.)

*സർക്കുലേഷൻ കൺസൾട്ടന്റ്*

ഒ.ജി. തരകൻ

*ബിസിനസ്സ് മാനേജർ*

ഡീക്കൻ. ഷൈജു കുര്യൻ



*ഡി.റ്റി.പി.*

എം.എസ്. ഗ്രാഫിക്സ്, ദേവലോകം


## ഉൾത്തുടിപ്പുകൾ


എഡിറ്റോറിയൽ

4 പട്ടിണിമരണങ്ങളും കൂട്ട ആത്മഹത്യകളും...
ഫാ. ഡോ. ജേക്കബ് കുര്യൻ

5 മഹാപുരോഹിത സന്ദേശം

8 ബൈബിൾപഠനം

ധ്യാനപംക്തി

9 സുവിശേഷ സന്ദേശം.....
ഫാ. കുര്യൻ ദാനിയേൽ

ലേഖനം

15 യൂഹാനോൻ മാർ സേവേറിയോസ്....
ഡോ. വി. മാത്യു കുര്യൻ

21 കുഞ്ഞാടുകളെ മേയിക്കുക
ഫാദർ റ്റി.ജെ. ജോഷ്വാ

23 A Caring Church A visit to the Orthodox...
Abu Mathen George

26 ഫിലിപ്പോസ് മാർ യൗസേബിയോസ്:..
പ്രൊഫ. വറുഗീസ് പടിയറ

പഠനവേദി

24 പരിസ്ഥിതിയുടെ ആത്മീയത
പ്രൊഫ. കെ.പി. ജോയി

വായനക്കാരുടെ കത്ത്

28 അമേരിക്കയിൽ ഒരു പച്ച ഒലിവിലയോ...
ഫാ. ഡോ. ജോയി പൈങ്ങോലിൽ

കൗൺസിലറുടെ പംക്തി

29 ദൂരെയിരുന്ന് സംശയിക്കുന്ന ഭർത്താവിനോട്...
ഫാ. ഡോ. ഒ. തോമസ്

30 പ്രതികരണം
ഫാദർ ഡോ. എം.സി. ചെറിയാൻ

പു,സ്തകാസ്വാദനം

31 പാമ്പാടിത്തിരുമേനി താബോറിലെ താപസ.....
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ

വാർത്തകൾ

7, 13, 14, 18, 19, 32, 33

34 സൺഡേസ്കൂൾ വാർത്ത

എഡിറ്റോറിയൽ

# പട്ടിണിമരണങ്ങളും കൂട്ട ആത്മഹത്യകളും- നമുക്കിത് ഏതുമില്ലയോ?

**ഫാ. ഡോ. ജേക്കബ് കുര്യൻ**

സാക്ഷരതയിലും വികസനപ്രക്രിയയിലും ഇന്ത്യക്കു മുഴുവൻ മാതൃകയെന്ന് കൊട്ടിഘോഷിക്കപ്പെടുന്ന കേരളത്തിൽ പട്ടിണിമരണങ്ങളും കൂട്ട ആത്മഹത്യകളും നിത്യസംഭവമാകുന്നുവെന്നത് ആർക്കും അവഗണിക്കാനാവുന്ന വസ്തുതയല്ല. യഥാർത്ഥത്തിൽ സംഭവിക്കുന്നതിന്റെ വളരെ കുറച്ചുമാത്രമേ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നുള്ളുവെന്നതും ഒരു സത്യമാണ്. ആരുടെയും മുമ്പിൽ കൈനീട്ടാൻ ലജ്ജിച്ചും, വഴിവിട്ട രീതിയിൽ പണമുണ്ടാക്കാൻ മനഃസാക്ഷി അനുവദിക്കാതെയും എത്രയെത്ര കുടുംബങ്ങളും വ്യക്തികളുമാണ് കേരളത്തിൽപോലും പട്ടിണികിടന്നും ആത്മഹത്യ ചെയ്തും സ്വയം പ്രശ്നം പരിഹരിക്കുന്നത്! കേരളത്തിലെ സ്ഥിതി ഇങ്ങനെയെങ്കിൽ, മറ്റു സംസ്ഥാനങ്ങളിലെ സ്ഥിതി ഇതിൽ എത്രയോ മടങ്ങ് ദാരുണമോ ബീബത്സമോ ആയിരിക്കും!

ദാരിദ്ര്യരേഖയുടെ വരയോ, ലോകബാങ്കിന്റെ കണക്കോ, ഭരണപക്ഷങ്ങളുടെ വാചകക്കസർത്തോ, ഒന്നും സ്പർശിക്കാത്ത ഒരു യാഥാർത്ഥ്യം എവിടെയോ അവശേഷിക്കുന്നുവെന്നതാണ് സത്യം. ഈ യാഥാർത്ഥ്യത്തെ സഭ (സഭകൾ) എന്നു സ്പർശിക്കുമോ അന്നു മാത്രമേ സഭയുടെ ദൗത്യബോധം വ്യക്തമാകു. ആത്മഹത്യയ്ക്കുമുമ്പ്, എല്ലാം ശരിയാകാൻ പുണ്യവാന്റെ മധ്യസ്ഥതയുംകൂടി ശ്രമിച്ചുനോക്കാമെന്നുവച്ച് കബറിടങ്ങളിൽ വീഴ്ത്തുന്ന കണ്ണീരിൽ പൊതിഞ്ഞ കാണിക്കപോലും സഭയിൽകൂടി അതർപ്പിച്ചവരുടെ രക്ഷയ്ക്കെത്തുവാൻ ഉപയോഗിക്കപ്പെടുന്നില്ലെങ്കിൽ അത് മഹാഭയങ്കരമാണ്.

പട്ടിണിമരണങ്ങളും, കൂട്ട ആത്മഹത്യകളും സഭാംഗങ്ങളുടെ ഇടയിൽ മാത്രം പരിഹരിക്കുകയല്ല സഭയുടെ ചുമതല. ഒന്നാമതായി ഇടവകകളുടെ പരിഗണനയിൽ ചുറ്റുപാടുമുള്ള- ജനജീവിതം മുഴുവൻ ഉണ്ടായിരിക്കണം. അടിത്തറ തകർന്ന ഇടത്തരക്കാരെ കണ്ടെത്തി രക്ഷപ്പെടുത്തുവാനുള്ള ശ്രമംതന്നെ വളരെ ഭാരിച്ചതായിരിക്കും. രണ്ടാമതായി, രോഗത്തിന്റെ യഥാർത്ഥ കാരണത്തിലേക്കെത്തുന്ന പഠനവും, ബോധവത്ക്കരണവും സഭയുടെ ചുമതലയാണ്. സമൂഹത്തിനു മുഴുവൻ ബാധിച്ചിരിക്കുന്ന ഒരു രോഗത്തിന്റെ ചികിത്സയുടെ പരിധിയിൽ പ്രധാനമായി രണ്ടു കാര്യങ്ങളെങ്കിലും ഉൾപ്പെടും.

1. സംവരണനയത്തിലെ മുൻഗണനകൾ എന്തായിരിക്കണം എന്നതിനെ സംബന്ധിച്ചുള്ള പുനർവിചിന്തനം.

2. പഞ്ചായത്തുരാജ് പ്രാദേശികതലത്തിൽ നടപ്പിലാക്കുന്നിടത്ത്, രാഷ്ട്രീയ പാർട്ടികളുടെയും വർഗ്ഗീയശക്തികളുടെയും മുതലെടുപ്പുകളെ അതിജീവിക്കുന്ന ജനകീയ ചിന്താധാരകളെ കൂട്ടിച്ചേർക്കുവാനുള്ള ശ്രമം. ഗ്രാമസമിതികളിലും, വാർഡുസമിതികളിലും നടക്കുന്ന രാഷ്ട്രീയ ഹൈജാക്കിങ്ങിനെ ചെറുത്തുനില്ക്കുവാൻ സഭാ-സാമുദായിക പരിഗണനകൾക്കതീതമായ ഒരു മാനവീയത ശക്തിപ്പെടണം. ആ മാനവീയതയുടെ പരികർമ്മികളായി സഭാശുശ്രൂഷകർ മാറണം.

◆



മഹാപുരോഹിത സന്ദേശം



# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ദൈവത്തെ നോക്കി യാത്ര ചെയ്യുന്ന തീർത്ഥാടകസംഘം:

വായനക്കാരായ സഹൃദയരെ സഹോദരങ്ങളെ കഴിഞ്ഞ ലക്കങ്ങളിൽ നമ്മുടെ സഭയെ ആവരണം ചെയ്യുന്ന ചില കാർമേഘ മൂടുപടലങ്ങളും അവ മൂലം സഭയിലുണ്ടായ ദുഷ്കൃത്യങ്ങളും അന്യായങ്ങളുമായ ചില കാര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുകയായിരുന്നു. സഭയിൽ പുനഃസ്ഥാപിക്കപ്പെട്ടിരിക്കുന്ന കാതോലിക്കാ സിംഹാസനത്തിന്റെ സ്വാതന്ത്ര്യത്തെ സംബന്ധിച്ച് സഭയുടെ അംഗീകൃത കാനോനും, സഭാഭരണഘടനയും ഉണ്ടായ കോടതിവിധികളും, പ്രഖ്യാപിക്കുന്ന തീരുമാനങ്ങളെക്കുറിച്ച് പ്രതിപാദിക്കുകയുണ്ടായല്ലോ. ഭാരത സഭയും അന്ത്യോഖ്യൻസഭയും സഹോദരീ സഭകളാണെന്നും അതിൽ വാണരുളുന്ന പിതാക്കന്മാർ ഈ സാഹോദര്യം പുലർത്തി നല്ല സഹോദരന്മാരെപ്പോലെ അന്യോന്യം ബഹുമാനിച്ചും ആദരിച്ചും, സ്നേഹിച്ചും, സേവിച്ചും പോകുന്നതാണ് ദൈവീകമെന്നും നാം കണ്ടുവല്ലോ. പരിശുദ്ധനായ അന്ത്യോഖ്യൻ പാത്രിയർക്കീസ് ബാവാ തിരുമേനിയെ ജേഷ്ഠ സഹോദരനെപ്പോലെ കരുതി ബഹുമാനിക്കുന്നത് കാതോലിക്കാ ബാവായിക്കും, കാതോലിക്കാ ബാവായെ ഒരു സ്വതന്ത്രനായ അനുജനെപ്പോലെ കരുതി സ്നേഹിക്കുന്നത് എത്ര നന്മയും എത്ര സൗന്ദര്യവുമാകുന്നു. എന്നാൽ, അതിനെത്തുടർന്ന് ചില കാര്യങ്ങൾ എഴുതുവാൻ ആഗ്രഹമുണ്ടെങ്കിലും ഇപ്പോൾ ഒരു പ്രത്യേക സന്തോഷത്തെക്കുറിച്ച് നിങ്ങൾക്ക് എഴുതുവാൻ ആഗ്രഹിക്കുകയാണ്.

കഴിഞ്ഞ സ്വർഗ്ഗാരോഹണദിവസം മുതൽ പെന്തിക്കോസ്തിവരെയുള്ള പത്തു ദിവസങ്ങൾ പ്രത്യേക പ്രാർത്ഥനാ ദിവസങ്ങളാണെന്നും, അപ്പോസ്തോലന്മാർ പരിശുദ്ധാത്മാവിനുവേണ്ടി കാത്തിരുന്ന ദിവസങ്ങളാണെന്നും നമ്മൾ അറിയുന്നുവല്ലോ. ആ കാത്തിരിപ്പിന്റെയും പ്രാർത്ഥനയുടെയും അനന്തരഫലമായി പെന്തിക്കോസ്തിനാളിൽ ത്രീയേക ദൈവത്തിൽ മൂന്നാമത്തെ ക്നൂമയായ പരിശുദ്ധാത്മാവായ ദൈവംതമ്പുരാൻ കർത്താവിന്റെ തിരുശരീരമാകുന്ന തിരുസഭയിൽ എന്നേക്കും അതിൽ വസിക്കുവാൻ തക്കവണ്ണം സഭമേൽ എഴുന്നെള്ളുകയും ചെയ്തു. പരിശുദ്ധശ്ലീഹന്മാരും മറ്റു സഭാ വിശ്വാസികളും ദൈവകൃപയാൽ വളരെ ആനന്ദിക്കുകയും ചെയ്തു. മേൽപറഞ്ഞ സ്വർഗ്ഗാരോഹണം മുതൽ പെന്തിക്കോസ്തി വരെ പരിശുദ്ധ സഭയിൽ വി. സഭയിലെ എല്ലാ സ്ഥാനികളും, അംഗങ്ങളും ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ ഓരോരുത്തരിലും ജ്വലിച്ചു പ്രകാശിക്കുവാനും പ്രശോഭിക്കുവാനും തക്കവണ്ണം പ്രാർത്ഥനയിൽ മുഴുകി കഴിയണമെന്നും സഭ പ്രത്യേകമായി ആജ്ഞാപിക്കുന്നു. ആ നാളുകളിൽ വിവാഹം, മാമോദീസാ മുതലായ കൂദാശകളിൽ നിന്നും മറ്റ് ആഘോഷങ്ങളിൽനിന്നും അകന്ന് പ്രാർത്ഥനാനിരതരായിരിക്കണമെന്നാണ് പരിശുദ്ധ സഭ കല്പിച്ചിരിക്കുന്നത്. ഈ ദിവസങ്ങളിൽ ബുധൻ, വ്യാഴം, വെള്ളി ശനി ദിവസങ്ങളിൽ ബലഹീനനായ നാമും നമ്മോടൊത്ത് പല വൈദികരും, വിശ്വാസികളുടെ ഒരു നല്ല സംഘവും ഒരുമിച്ച് പരുമല പുണ്യവാളന്റെ പാദപീഠത്തിൽ കഴിയുകയുണ്ടായി. ഞങ്ങൾ എല്ലാവരും ഉച്ചവരെ ഉപവസിക്കുകയും അതിനുശേഷം വി. കുർബാന ചൊല്ലുകയും മിക്കവാറും എല്ലാവരുംതന്നെ ഓരോ ദിവസവും വി. കുർബ്ബാന അനുഭവിക്കുകയും ചെയ്തിരുന്നു. വി. കുർബാന കഴിഞ്ഞ് എല്ലാവരും ലഘുഭക്ഷണം കഴിക്കും. അല്പം വിശ്രമം കഴിഞ്ഞ് എല്ലാവരും ചാപ്പലിൽ കൂടി പതിവിൻപ്രകാരമുള്ള പ്രാർത്ഥനകളിലും ജാഗരണങ്ങളിലും കഴിക്കുകയും ചെയ്തു.

ഒരു കാര്യം കൂടെ എടുത്തുപറയേണ്ടതായിട്ടുണ്ട്. ഈ പകലിലും രാത്രിയിലും ഇടവിടാതെ മാറിമാറി അഖണ്ഡപ്രാർത്ഥനകൾ നടത്തിക്കൊണ്ടിരുന്നു. ശനിയാഴ്ച രാവിലെ വി. കുർബാന അനുഭവിച്ച് ലഘുഭക്ഷണത്തിനുശേഷം ഞങ്ങൾ പിരിഞ്ഞുപോരുകയും ചെയ്തു. ബലഹീനനായ എന്നെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക ആത്മീയാനുഭൂതി ആസ്വദിച്ച ദിവസങ്ങളായിരുന്നു അവ. നമ്മുടെ സഭയിൽപ്പെട്ട എല്ലാവരും അവരവരുടെ ഇടവക പള്ളികളിൽ ഇതുപോലെ കൂടി പ്രാർത്ഥനകളിലും ജാഗരണങ്ങളിലും ജാഗരൂകരായിരിക്കുന്നതും ഇടയ്ക്കിടയ്ക്ക് ആത്മാവിൽ ധ്യാനപ്രസംഗങ്ങൾ കേൾക്കുന്നതും ആസ്വാദ്യകരമായ ഒരു കാര്യമാണ്. ബഹുമാനപ്പെട്ട ഇടവക വൈദികർ ഈ പത്തു ദിവസങ്ങളിൽ രണ്ടോമൂന്നോ നാലോ അഞ്ചോ ദിവസം കഴിവുപോലെ കർത്താവിന്റെ പരിശുദ്ധാത്മാവിൽ പ്രവർത്തിച്ചാൽ ആത്മീയാനുഭൂതി ബലഹീനനായ എന്നേക്കാൾ കൂടുതലായി നിങ്ങൾക്കു അനുഭവിപ്പാനും ആസ്വദിക്കുവാനും സംഗതിയാകും സംശയമില്ല. എന്നാൽ ഇപ്പോൾ ഈ ദിവസത്തെക്കുറിച്ച് പ്രാർത്ഥനയുടെയും കാത്തിരിപ്പിന്റെയും സമയമാണെന്നു സഭ കല്പിച്ചിട്ടുണ്ട്. പക്ഷേ ആര് അറിയുന്നു? ആര് അനുഷ്ഠിക്കുന്നു? ആര് ആസ്വദിക്കുന്നു? സഭയുടെ കല്പനകൾ അനുസരിക്കാതെ ജീവിക്കുന്നത് പാപമാണ്. എന്നാൽ അത് ആർക്കും ബോധ്യമില്ല. ഇതെല്ലാംകൊണ്ടും സഭ വളരെ ക്ലേശമനുഭവിക്കുന്നു. നമ്മൾ നന്നാകാതെ, സഭയ്ക്ക് വിധേയരായി ജീവിക്കാതെ, നമ്മുടെ സഭയിൽ സമാധാനവും ശാന്തിയും ഒന്നും ഉണ്ടാകുകയില്ല. നമ്മൾ പ്രാർത്ഥിക്കുമ്പോൾ "പ്രവാചകർക്ക് സമാധാനം, ശ്ലീഹന്മാർക്ക് സമാധാനം, സമാധാനത്തിന്റെ മക്കൾ വസിക്കുന്ന പരിശുദ്ധ സഭയ്ക്കും സമാധാനം," എന്നാണല്ലോ ചൊല്ലുന്നത്. സഭാമക്കൾ ദൈവവിശ്വാസത്തോടും ഭക്തിയോടും കൂടെ ജീവിക്കാതെ സഭയിൽ അനുഗ്രഹങ്ങൾ ഉണ്ടാകുവാൻ പ്രയാസമാണ്.

നിങ്ങളും ഞാനും ദൈവത്തെ നോക്കി സമയമായ രഥത്തിൽ സ്വർഗ്ഗയാത്ര ചെയ്യുന്നവരാണ്. പ്രധാനമായും കർത്താവായ യേശുക്രിസ്തുവിനോടും തന്റെ പരിശുദ്ധന്മാരോടും മാലാഖമാരോടും കൂടെ ആ സ്വർഗ്ഗീയമായ സംസർഗ്ഗത്തിലാണ് നമ്മുടെ യാത്ര. ഓരോ നിമിഷം കഴിയുന്തോറും മണിക്കൂറ്, ദിവസങ്ങൾ, മാസങ്ങൾ, വർഷങ്ങൾ കഴിയുന്തോറും നമ്മുടെ ഈ തീർത്ഥയാത്ര ദൈവത്തിങ്കലേക്ക് പുരോഗമി

# ബൈബിൾപഠനം

ഫാ. ഒ.പി. വർഗീസ്, മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ, പുത്തൻകുരിശ്, കൊച്ചി-682 308

### യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം (അദ്ധ്യായം 2, 3)

**ചോദ്യം:**

1. പാപിയ്ക്ക് പിതാവാം ദൈവത്തിന്റെ അടുക്കൽ ഉള്ളത് ആരാണ്?
2. "യേശുക്രിസ്തു ക്രിസ്ത്യാനികളുടെ മാത്രം പ്രായശ്ചിത്തം ആകുന്നു." ഈ പ്രസ്താവന ശരിയോ തെറ്റോ? തെറ്റാണെങ്കിൽ തിരുത്തി എഴുതുക.
3. ക്രിസ്തുവിൽ വസിക്കുന്നവന്റെ ലക്ഷണമെന്ത്?
4. ഇന്നയോളം ഇരുട്ടിൽ ഇരിക്കുന്നവർ ആർ?
5. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകും. എന്നാൽ നിലനില്ക്കുന്നത് എന്ത്?
6. ആരാണ് എതിർ ക്രിസ്തു?
7. പിതാവാം ദൈവം സ്നേഹത്താൽ നമുക്ക് നല്കിയിരിക്കുന്ന പദവി എന്താണ്?
8. പിശാചിന്റെ പ്രവർത്തികളെ അഴിപ്പാൻ പ്രത്യക്ഷനായത് ആരാണ്?
9. ആദിമുതൽ കേട്ട ദൂത് എന്താകുന്നു?
10. കയീൻ സഹോദരനെ കൊല്ലുവാൻ കാരണം എന്ത്?
11. യഥാർത്ഥ സ്നേഹം തിരിച്ചറിയുന്നത് എങ്ങനെ?

### കഴിഞ്ഞ ലക്കത്തിലെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. യോഹന്നാൻ അപ്പോസ്തോലൻ.
2. ഏഷ്യാ മൈനറിലെ സഭകൾക്ക്.
3. എഫേസൂസിൽവച്ച്.
4. യേശുക്രിസ്തുവിന്റെ നിത്യതയെ സൂചിപ്പിക്കുന്നു.
5. നിത്യനായ ദൈവം വാസ്തവത്തിൽ മനുഷ്യനായി എന്നതിന്റെ ഉറപ്പ് ആണ് ഇവിടെ സൂചിപ്പിക്കുന്നത്.
6. മനുഷ്യർ തമ്മിൽ തമ്മിലും പിതാവാം ദൈവത്തോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആണ് കൂട്ടായ്മ ഉണ്ടാകേണ്ടത്. (1:3)
7. സന്തോഷം അനുഭവിക്കുന്നു. (1:4)
8. "ദൈവം വെളിച്ചം ആകുന്നു; അവനിൽ ഇരുട്ടു ഒട്ടും ഇല്ല." (1:5)
9. ദൈവപുത്രനായ യേശുവിന്റെ രക്തം. (1:7)
10. 1:9 നമ്മുടെ പാപങ്ങൾ ഏറ്റുപറയുന്നു. എങ്കിൽ....

### മെയ് ലക്കം എല്ലാ ഉത്തരങ്ങളും ശരിയാക്കിയവരുടെ പേരുവിവരം താഴെ ചേർക്കുന്നു

1. Moley Mathew, Naranganam.
2. Yasmine George, Panttaplackal, Aluva-1.
3. Preethi Shajan, Puthoopallil Muttumkeril, Niranan West.
4. Mrs. Saramma Yahannan, Salem Nivas, Enattu P.O.
5. Mrs. Alice Abraham, Anthariattu, Coimbatore-641 011.


## MATRIMONIAL

എം.ജി. യൂണിവേഴ്സിറ്റിയുടെ `School of Medical Education'-ൽ ലക്ചററായി ജോലി ചെയ്യുന്ന ഓർത്തഡോക്സ് സഭാംഗവും B.Sc., Bpham വിദ്യാഭ്യാസ യോഗ്യതയുള്ള യുവതിക്ക് (30/ 5'2") നാട്ടിലോ, വിദേശത്തോ ജോലിയുള്ള അനുയോജ്യരായ ഓർത്തഡോക്സ്/യാക്കോബായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Dr. K. Raju Philip
J.P.M. Hospital, Kattappana P.O.
Idukki-685 508
Phone: 0486-877376, 872606, 872707



## 10th Death Anniversary
26.7.2000



REV. FR. T.S. THOMAS
Thengumthottathil, Ranni

*Inserted by*
*Sorrowing Family*






# സുവിശേഷസന്ദേശം

ഫാ: കുര്യൻ ഡാനിയൽ

### 1. പെന്തിക്കൊസ്തിയ്ക്കുശേഷം അഞ്ചാം ഞായർ
### വി. മർക്കോസ് 9:30-42

നിത്യനായ ദൈവത്തിന്റെ സമ്പൂർണ്ണ വെളിപ്പാടായ ക്രിസ്തു തന്റെ പരസ്യശുശ്രൂഷയിൽ നടന്ന അനേക സംഭവങ്ങൾക്കും വേദിയാക്കിയത് ഗലീല പ്രദേശമായിരുന്നു. "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു, മലമേൽ ഇരിയ്ക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല" എന്നു കല്പിച്ച യേശു തന്റെ ദൈവത്വം പ്രസിദ്ധമാക്കിയ അടയാളങ്ങൾ അനവധിയാണ്. പരസ്യയാഗമായിത്തീർന്ന യേശു നിഗൂഢതകളെ വെളിപൊരുളാക്കിയവനാണ്. എന്നാൽ ആരും അറിയരുതെന്ന് ആഗ്രഹിച്ചുകൊണ്ട് താൻ ഗലീലയിൽ നടത്തുന്ന ഒരു യാത്രയും അതേത്തുടർന്ന് ശിഷ്യസൂഹവുമായി നടത്തിയ സംഭാഷണവുമാണ് ഇന്നത്തെ ധ്യാനചിന്ത.

രഹസ്യപൂർണ്ണമായ ഈ യാത്ര (Mystical Journey)യിൽ വലിയ മർമ്മങ്ങളുടെ ചുരുൾ താൻ നിവർത്തി സഭയുടെ അടിസ്ഥാന ശിലകളെന്ന നിലയിൽ ശിഷ്യന്മാർ അവശ്യം അറിഞ്ഞിരിക്കേണ്ട വലിയ മൂന്നു ചിന്തകൾ യേശു അവർക്കു നല്കി.

**1. Mystery of his Death(തന്റെ മരണത്തിന്റെ രഹസ്യം)** "അവൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു അവരോട് മനുഷ്യപുത്രൻ മനുഷ്യരുടെ കൈയിൽ ഏല്പിക്കപ്പെടും. അവർ അവനെ കൊല്ലും. കൊന്നിട്ടു മൂന്നു നാൾ കഴിഞ്ഞശേഷം അവൻ ഉയിർത്തെഴുന്നേല്ക്കും എന്നു പറഞ്ഞു." വി. മർക്കോസ് 9:31 അസാധാരണത്വം കലരാത്ത വിധത്തിൽ തങ്ങളുടെ ഗുരു അരുൾചെയ്ത ഇക്കാര്യം പക്ഷേ, ശിഷ്യന്മാർക്ക് ഗ്രഹിക്കാവുന്നതിനപ്പുറമായിരുന്നു. "ആ വാക്ക് അവർ ഗ്രഹിച്ചില്ല" (But they did not understand the saying) എന്നാണ് 32-ാം വാക്യത്തിൽ കാണുന്നത്. എന്നാൽ, യേശുവിനെ സംബന്ധിച്ചിടത്തോളം കഷ്ടതയും ക്രൂശുമരണവും തന്റെ സുന്ദരസ്വപ്നങ്ങളായിരുന്നു. വാത്സല്യശിഷ്യസമൂഹത്തിന് അവ വെളിപ്പെടുത്തേണ്ടത് ആവശ്യമായിരുന്നു, ഈ വെളിപ്പെടുത്തലിനെ സംബന്ധിച്ച് തിരുവചനം സാക്ഷിക്കുന്നത് "താൻ അവരെ പഠിപ്പിച്ചു പറഞ്ഞു" എന്നാണ്. എന്താണിതിനു കാരണം? യേശു സ്വയം ആഗ്രഹിച്ച കുരിശുമരണം സ്നേഹവാനായ പിതാവ് തനിക്കുവേണ്ടി ഒരുക്കിയിരുന്നതാണ് എന്നാൽ ക്രൂശുമരണം അനുഭവിക്കുന്ന ദൈവപുത്രനെയല്ല ശിഷ്യന്മാർ യേശുവിൽ കണ്ടത്, മറിച്ച് യിസ്രായേലിന്റെ രക്ഷകനും തങ്ങൾക്ക് രാജ്യം പുനഃസ്ഥാപിച്ചു കൊടുക്കുന്നവനുമായ മശിഹായെയാണ്. അധർമ്മികൾക്കെന്ന് സമൂഹം വിധിച്ചിരുന്ന കുരിശുമരണം തങ്ങളുടെ ഗുരുവിന് തികച്ചും നിഷിദ്ധമായിത്തന്നെ അവർ കരുതി. ഇന്നും കുരിശ് സഭാമക്കൾക്ക് ഒരു "കുരിശാ"യിത്തന്നെ നിലകൊള്ളുന്നുവെന്നതാണ് സത്യം. ത്യാഗോജ്ജ്വലമായ ജീവിതത്തിന്റെ മഹിമ ക്രൂശുമായി ബന്ധപ്പെട്ടു മാത്രമേ നമുക്കു മനസ്സിലാക്കാനാവൂ ഇത് ഗ്രഹിക്കുന്നതിന് സാധിക്കാതെ വരുന്നതാണ് യഥാർത്ഥ പരാജയം.

**2. Method of Humility (വിനയത്തിന്റെ മാതൃക)** "അവൻ ഇരുന്നു പന്തിരുവരെയും വിളിച്ചു. ഒരുവൻ മുമ്പൻ ആകുവാൻ ഇച്ഛിച്ചാൽ അവൻ എല്ലാവരിലും ഒടുക്കത്തവനും എല്ലാവർക്കും ശുശ്രൂഷകനും ആകേണമെന്നു പറഞ്ഞു" വി. മർക്കോസ് 9:35 ഈ പ്രബോധത്തിന് ഇടയാക്കിയ സാഹചര്യം ഗ്രഹിച്ചിരിക്കേണ്ടതാണ്. കഫർന്നഹൂമിലേക്കുള്ള വഴിയിൽ തന്റെ ശിഷ്യന്മാർക്ക് യേശു ത്യാഗത്തിന്റെ മാർഗ്ഗം ഉപദേശിക്കുമ്പോഴും അവരുടെ വാദവിഷയം തങ്ങളിൽ വലിയവൻ ആരാകുന്നുവെന്നതായിരുന്നു. അവരുടെ മനോഗതമറിഞ്ഞിട്ട് യേശു അവരെഎളിമയുടെ മർമ്മങ്ങൾ ഒരു ശിശുവിനെ മാതൃകയാക്കി പഠിപ്പിക്കുന്നു. "ഇങ്ങനെയുള്ള ശിശുക്കളിൽ ഒന്നിനെ എന്റെ നാമത്തിൽ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നെ കൈക്കൊള്ളുന്നവനോ എന്നെയല്ല എന്നെ അയച്ചവനെ കൈക്കൊള്ളുന്നു എന്നു പറഞ്ഞു" വി. മർക്കോസ് 9:37 ആകാരത്തിൽ ചെറുതെങ്കിലും ഒരു ശിശു എളിമയിലും നിർമ്മലതയിലും കറയറ്റ ഭക്തിയിലും നിഷ്കളങ്കതയിലും വലുമയാർന്ന അനുഭവത്തിലാണ്. ഇവിടെ യേശുവിന്റെ ദൃഷ്ടിയിൽ ശിശു പ്രതീകാത്മകമാണ്. പ്രകൃതി കവി വില്യം വേർഡ്സ് വർത്ത് ഇപ്രകാരം പാടി "The child shows the man as the morning shows the day" (പ്രഭാതം ദിവസത്തെയെന്നവിധം ശിശു ഒരു മനുഷ്യനെ കാണിച്ചുതരുന്നു) മുമ്പൻ ആകുവാനുള്ള ഇച്ഛ ആർക്കാണ് ഇല്ലാത്തത്? എന്നാൽ മാനുഷികമായ ഈ ആഗ്രഹം ദൈവഹിതത്താൽ പരിപോഷിപ്പിക്കപ്പെടണമെങ്കിൽ എളിമ ധരിക്കുവാൻ നാം സന്നദ്ധരാവണം. എളിമ ദൈവം തരുന്ന തെളിമതന്നെയാണ് എന്നാൽ അത് പ്രകടമാക്കേണ്ട മേഖല ശുശ്രൂഷാരംഗമാണ്. "താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠനെന്ന് എണ്ണിക്കൊള്ളട്ടെ" ഫിലിപ്യർ 2:3 ഇത് ക്രൈസ്തവ ശുശ്രൂഷയുടെ ആദിപാഠമാണ്. വിനയത്തിന്റെ മുഖ്യസഹകാരി ത്യാഗമാണ്. ദൈവകൃപയാവട്ടെ അനന്തര ഫലവും. ത്യാഗത്തിന്റെ വാക്കുകൾ ശിഷ്യന്മാർ ഗ്രഹിക്കാതെ പോകാൻ കാരണം ഒരു പക്ഷേ, സ്ഥാനത്തെയും വലിപ്പത്തെയും കുറിച്ച് വഴിയാത്രയിൽ അവർ നടത്തിയ കണക്കുകൂട്ടലുകളാവാം.

**3. Maturity of Fellowship (കൂട്ടായ്മയുടെ പക്വത)** "അതിന് യേശു പറഞ്ഞത് അവനെ വിരോധിക്കരുത്. നമുക്കു പ്രതികൂലമല്ലാത്തവൻ നമുക്ക് അനുകൂലമല്ലോ" വി. മർക്കോസ് 9: 39, 40. (for he that is not against us is for us) യേശുവിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും എന്നാൽ ആക്ഷരീകമായി യേശുവിനെ അനുഗമിക്കാതിരിക്കുകയും ചെയ്ത ഒരുവനെ തങ്ങൾ വിരോധിച്ചതിനെക്കുറിച്ച് യോഹന്നാൻ പറഞ്ഞപ്പോൾ യേശുവിന്റെ പ്രതികരണമാണിത്. "അവനെ വിരോധിക്കരുത്" (Do not forbid him) എന്ന് യേശു കല്പിച്ചു. പരിപക്വമായ കൂട്ടായ്മ ബന്ധമാണിവിടെ യേശുവിന്റെ ലക്ഷ്യം. സാമൂഹ്യജീവിതത്തിൽ ഒരുപക്ഷേ, പല കാര്യങ്ങളിലും നമ്മുടെ അഭിപ്രായത്തോട് വിയോജിപ്പുള്ളവരുണ്ടാകാം. എന്നാൽ അവരിലെ നന്മ കണ്ടെത്തുകയായിരിക്കണം നമ്മുടെ ലക്ഷ്യം. വിലക്കിലൂടെയും മുടക്കിലൂടെയും നിരോധനത്തിലൂടെയും സമസ്യഷ്ടങ്ങളെയോ സഹോദരങ്ങളെയോ അകറ്റിനിർത്താൻ അധികാര സമൂഹത്തിനാവും എന്നാൽ അകൽചയുടെ ആത്മാവല്ല അടുപ്പത്തിന്റെയും സമഭാവനയുടെയും പുതുശക്തിയാണാവശ്യം. പലപ്പോഴും അപക്വമായ നമ്മുടെ വ്യക്തി ഭാവങ്ങളുമായി മറ്റുള്ളവരെ തുലനം ചെയ്യുമ്പോഴാണ് നമുക്ക് പരാജയമുണ്ടാവുന്നത്. അധികാരത്തിന്റെ മലീമസമായ മേഖലകളിലേക്ക് മനുഷ്യജീവിതങ്ങൾ വലിച്ചിഴയ്ക്കപ്പെടുന്നതും അപ്പോൾ മാത്രമാണ്. എന്നാൽ നന്മപ്രവൃത്തികളെ കണക്കിടുമ്പോൾ സമാനചിന്തയുള്ള വിവിധ മതസ്ഥരെയും ഒരുപക്ഷേ, കണ്ടെത്താനാവും. പ്രതികൂലമല്ലാത്തവരുടെ ഒരു വലിയ അനുകൂല നിരതന്നെ നമുക്ക് ലഭ്യമാവും. അത്തരത്തിലൊരു ആത്മീയ കൂട്ടായ്മ അഭിലഷണീയമാണ്.

### പെന്തിക്കൊസ്തിക്കുശേഷം ആറാം ഞായർ
### വി. മത്തായി 15:32-39

ജീവന്റെ അപ്പമായ യേശു അപ്പത്തിന്റെ സമൃദ്ധിയിൽ പുരുഷാരത്തെ പരിപോഷിപ്പിക്കുന്ന അടയാളം നാലു സുവിശേഷകന്മാരും രേഖപ്പെടുത്തിയിട്ടുള്ളതാണ്. വി. മത്തായി 14:13-21, വി. മർക്കോസ് 6:32-44, വി. ലൂക്കോസ് 19:10-17, വി. യോഹന്നാൻ 6:1-14 എന്നീ വേദഭാഗങ്ങളിൽ അയ്യായിരം പേരുടെ പരിപോഷണത്തിന് അഞ്ച് അപ്പവും രണ്ടു മീനും ഉപയോഗപ്പെടുത്തുന്നതായി ചിത്രീകരിക്കുന്നുവെങ്കിൽ വി. മത്തായി 15:32-39 ഭാഗത്ത് സ്ത്രീകളെയും പൈതങ്ങളെയും കൂടാതെ നാലായിരം പേരുടെ പരിപോഷണത്തിന് ഏഴ് അപ്പവും കുറെ ചെറുമീനും ഉപയോഗപ്പെടുത്തുന്ന

തായി കാണുന്നു. രണ്ട് സംഭവങ്ങളായിട്ടോ, ഒരേ സംഭവത്തിന്റെ വ്യത്യസ്തങ്ങളായ വിശദീകരണമായിട്ടോ, ഇവയെ മനസ്സിലാക്കാവുന്നതാണ്. ദൈവപുത്രനായ യേശുവിന്റെ മൂന്നു മനോഭാവങ്ങളാണ് ഇന്നത്തെ ധ്യാനചിന്ത.

**1. മനസ്സലിവ് (Compassion):** “അവർക്കു ഭക്ഷിപ്പാൻ ഒന്നുമില്ലായ്കകൊണ്ട് അവരെക്കുറിച്ച് എനിക്കു മനസ്സലിവുതോന്നുന്നു” (I have Compassion on the crowd for they have nothing to eat) ഗലീല കടലിന്നരികെ ഒരു മലയിൽ ആയിരുന്നുകൊണ്ട് യേശു പുരുഷാരത്തെ പ്രബോധിപ്പിക്കയാണ്. പൈദാഹങ്ങൾ വിസ്മരിച്ച വലിയ ജനതതി അവർ അവിടെയായിട്ട് മൂന്നു നാളായിരിക്കുന്നു. തന്നോടുകൂടി പാർത്ത ജനത്തെക്കുറിച്ച് അവർക്ക് സ്വയമായി പോലും അനുഭവപ്പെടാതിരുന്ന ഒരു കരുതൽ യേശുവിനുണ്ടാവുകയാണ്. അവർ മറന്നുപോയ അവരുടെ ജീവിതാവശ്യം യേശുവിനെ അലട്ടുകയാണ്. പട്ടിണിയനുഭവിക്കുന്ന ജനതതിയെയോർത്ത് യേശുവിന് ഒരു അസ്വസ്ഥതയുണ്ടാവുകയാണ്. യേശുവിനോടുകൂടി പാർത്താൽ നമ്മെക്കുറിച്ച് ഒരു മനസ്സലിവ് യേശുവിനുണ്ടാകും. തർക്കമില്ല. നമുക്ക് ആവശ്യമായത് അവൻ കരുതും. മാനുഷിക നിലയിലുള്ള വികാരവിചാരങ്ങളും മാനസീക ഭാവങ്ങളും ദൈവത്തിനില്ല എന്നു പഠിപ്പിച്ച സ്റ്റോയിക്കരുടെ വാദഗതികൾക്കെതിരെ ശബ്ദിക്കുന്ന പൗലൂസിനെ നാം തിരുവചനത്തിൽ കാണുന്നു. താൻ റോമർക്ക് എഴുതിയപ്പോൾ അവരെ ഓർമ്മിപ്പിച്ചു ദൈവം മനസ്സലിവുള്ളവനാണെന്ന്. “സഹോദരന്മാരെ ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത്, നിങ്ങൾ ബുദ്ധിയുടെ ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ” റോമർ 12:1. മനസ്സലിവ് ദൈവീകഭാവമാണ്. ഈ ഭാവം മാനുഷികവേഷംപൂണ്ട മൂന്നു സന്ദർഭങ്ങൾ തിരുവചനത്തിൽ കാണുന്നു. ഭീമമായ കടംപെട്ട മനുഷ്യന്റെ അപേക്ഷമാനിച്ച് അവന്റെ കടം ക്ഷമിച്ചു കൊടുക്കുന്ന യജമാനന്റെ മനോഭാവം മനസ്സലിവാണ്. (വി. മത്തായി 18), പിതൃസ്വത്ത് നാനാവിധമാക്കിയശേഷം അനുതാപംപൂണ്ട് തിരിച്ചുവന്ന മകനെ സ്വീകരിക്കുന്ന അപ്പന്റെ മനോഭാവം മനസ്സലിവാണ് (വി. ലൂക്കോസ് 15), അർദ്ധപ്രാണനായി വഴിയരികെ കിടന്ന അപരിചിതനെ സഹായത്തിന്റെ കരങ്ങൾ നീട്ടി സ്വീകരിക്കന്ന നല്ല ശമരിയാക്കാരന്റെ മനോഭാവം മനസ്സലിവാണ് (വി. ലൂക്കോസ് 10)

**2. മനസ്സില്ലായ്മ (Un willingness)** “അവരെ പട്ടിണിയായി വിട്ടയപ്പാൻ മനസ്സുമില്ല. അവർ വഴിയിൽവച്ചു തളർന്നുപോയേക്കും” വി. മത്തായി 15:32 I am unwilling to send them away hungry, lest they fairt on the way) ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ലയെന്നു കല്പിച്ച യേശു അന്വേഷിക്കുന്നത് പരിപോഷണത്തിന്റെ പാതയാണ് അല്ലാതെ ഉപേക്ഷണത്തിന്റെ സുഗമതയല്ല. തക്കസമയത്ത് ഭക്ഷണം കൊടുക്കുകയെന്ന കാര്യവിചാര ശുശ്രൂപിയിലേക്കാണിത് വിരൽചൂണ്ടുന്നത്. പലപ്പോഴും നാം അവഗണിച്ചുകളയുന്ന പരസ്നേഹത്തിന്റെ മഹത്വം യാക്കോബ് ശ്ലീഹാ വർണ്ണിക്കുന്നതെപ്രകാരമാണെന്നു നോക്കാം. ഒരു സഹോദരനോ സഹോദരിയോ നഗ്നരും അഹോവൃത്തിക്കു വകയില്ലാത്തവരുമായിരിക്കെ നിങ്ങളിൽ ഒരുത്തൻ അവനോട് സമാധാനത്തോടെപോയി തീകായുകയും വിശപ്പടക്കുകയും ചെയ്വിൻ എന്നു പറയുന്നതല്ലാതെ ദേഹരക്ഷയ്ക്ക് ആവശ്യമായത് അവർക്കു കൊടുക്കാതെയിരുന്നാൽ ഉപകാരമെന്ത്?” യാക്കോബ് 2:15, 16. പ്രതീക്ഷയോടുകൂടി തന്നെ കാണുവാൻ പ്രതിസന്ധികളെ അവഗണിച്ച സക്കായിയോടൊത്ത് താൻ ഭക്ഷണം കഴിപ്പാൻ ആഗ്രഹിച്ചു. അപഹാസവും നിന്ദയുമേറ്റിട്ടും പിന്മാറാതെയിരുന്ന കനാന്യസ്ത്രീയോട് അവളുടെ വിശ്വാസം വലുത് എന്നു കർത്താവു സാക്ഷിച്ചു. തന്റെ വിശ്വാസം ഏറ്റുപറഞ്ഞ തസ്കരനോട് നീ ഇന്ന് എന്നോടുകൂടി പറുദീസയിൽ ആയിരിക്കുമെന്ന് കർത്താവ് അരുൾചെയ്തു. നാം തളർന്നു വീണുപോയേക്കാവുന്ന ഒരു വഴിയിലേക്ക് ദൈവം ഒരിക്കലും നമ്മെ അയയ്ക്കില്ല. പ്രത്യാശയിലേക്കും നന്മയിലേക്കുമല്ലാതെ നിരാശയിലേക്കും വഴിപിഴച്ച അനുഭവങ്ങളിലേക്കും ആരെയും അയയ്ക്കാൻ നമുക്കവകാശവുമില്ല.

**3. മനസ്സൊരുക്കം (Willingness):** “നിങ്ങളുടെപക്കൽ എത്ര അപ്പമുണ്ട് എന്ന് യേശു ചോദിച്ചു” വി. മത്തായി 15:34 (How many loaves do you have?) ഇത് പ്രത്യാശയും സാദ്ധ്യതയും മുറ്റിനില്ക്കുന്ന ഒരു ചോദ്യമാണ്. ഇത്ര വലിയ പുരുഷാരത്തിന് തൃപ്തിവരുത്തുവാൻ മതിയായ അപ്പം ഈ കാട്ടിൽ നമുക്ക് എവിടെനിന്ന്? എന്നു ശിഷ്യന്മാർ യേശുവിനോട് ചോദിച്ചപ്പോൾ അവരുടെ മനസ്സിൽ നിറഞ്ഞുനിന്നത് വഴിമുട്ടിയ അനുഭവങ്ങളാണ്. പുരുഷാരം മൂന്നു നാളായി യേശുവിന്റെ ദിവ്യവചസ്സുകൾക്കു കാതോർത്ത്, അവിടെ ചൈതന്യവത്തായ, സുഗന്ധവാഹികളായ പൂക്കൾ പുരുഷാരങ്ങളുടെ മനസ്സിൽ വിരിഞ്ഞ ആ ഉദ്യാനത്തെ അവർ കാണുന്നത് കാടായിട്ടാണ്. എന്നാൽ യേശു സാദ്ധ്യതകൾ കണ്ടു. അത് പ്രവൃത്തിപഥത്തിലെത്തിക്കാനുള്ള മനസ്സൊരുക്കം തനിയ്ക്കുണ്ടായിരുന്നു. ലഭ്യമായിരുന്ന 7 അപ്പവും ചെറു മീനുകളും തന്നിൽ ഭരമേല്പിക്കുവാനുള്ള മനസ്സൊരുക്കം താൻ അവരോട് ആവശ്യപ്പെട്ടു. വലിയ ഫലപ്രാപ്തിയാണ് നാം കാണുന്നത്. സംതൃപ്തരായ ജനതതി. അവശേഷിച്ച ഭക്ഷണശേഖരം. ശൂന്യതയിൽനിന്ന് സകലത്തെയും സൃഷ്ടിച്ച് സന്നദ്ധമാക്കിയവനും ലോകങ്ങളുടെ രക്ഷാകരമായ ജീവശ്വാസവും നാശമില്ലായ്മയുടെ വെടിപ്പുള്ള മൂറോനുമായ സത്യ ദൈവത്തിന്റെ പുത്രൻ ഭൗതീകഫലങ്ങളുടെമേൽ തന്റെ മനസ്സൊരുക്കം വച്ചത് മനുഷ്യമനസ്സുകളിൽ താൻ പ്രതിഷ്ഠിച്ചിരിക്കുന്ന അനന്തമായ സാധ്യതകളിലേക്കുള്ള ഒരു വിരൽ ചൂണ്ടലാണ്.

ഫിലിപ്യർ 2:5 “ക്രിസ്തു യേശുവിലുള്ള ഭാവംതന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ” (Let this mind be in you which was also in Christ Jesus) ധാർമ്മികവും സാമ്പത്തീകവും സദാചാരപരവുമായ ദാരിദ്ര്യം അനുഭവിക്കുന്ന ഈ ലോകത്തിൽ, നമ്മുടെ ദർശനത്തിൽ സഭയുടെ മനസ്സ് ക്രിസ്തുവിന്റെ മനസ്സുതന്നെയാവണം. ആത്മീയ കൂട്ടായ്മയിലും ദാരിദ്ര്യദുഃഖമനുഭവിക്കുന്നവരെപ്പറ്റി ഒരു മനസ്സലിവ് നമുക്കുണ്ടാവണം. ജീവിതവഴിത്താരയിൽ തളർന്നുപോകുന്നവരെയും സഹായാർത്ഥികളെയും അവഗണിച്ചുകളയുന്നതിനുള്ള ഒരു “മനസ്സില്ലായ്മ” നമുക്കുണ്ടാവണം. അതോടൊപ്പം ദൈവദാനങ്ങൾ നമുക്കും സമസൃഷ്ടങ്ങൾക്കും ഉപയോഗപ്രദമാക്കുവാൻ തക്കവണ്ണമുള്ള മനസ്സൊരുക്കവും നമുക്കുണ്ടാകണം. എങ്കിൽ മാത്രമേ ദൈവരാജ്യത്തിന്റെ മഹത്വത്തിലേക്ക് ലോകത്തെ നയിക്കുന്ന ജീവൽപ്രസ്ഥാനമായിത്തീരാൻ സഭയ്ക്കാവൂ.

## പെന്തിക്കൊസ്തിയ്ക്കുശേഷം ഏഴാം ഞായർ
## വി. മർക്കോസ് 3: 20–30

പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമെന്ന നിലയിൽ യേശുക്രിസ്തുവിന്റെ ഇഹലോകവ്യാപാരകാലത്ത് ജനനം മുതൽ സ്വർഗ്ഗാരോഹണം വരെ നടന്ന ക്രിസ്തു സംഭവങ്ങളിൽ (Christ events) ഒട്ടുംതന്നെ അപ്രധാനമല്ലാത്ത ഒരു കാലഘട്ടമാണ് പരസ്യശുശ്രൂഷയുടെ സന്ദർഭം, ദൈവരാജ്യത്തിന്റെ മർമ്മങ്ങളെ പരാമർശിച്ചുകൊണ്ട് താൻ ഗലീലയിൽ ആരംഭിച്ച ശുശ്രൂഷ, പിതാവേ എന്റെ ജീവനെ തൃക്കൈയിൽ ഭരമേല്പിക്കുന്നുവെന്നു പറഞ്ഞുകൊണ്ട് തന്റെ പ്രാണൻ അർപ്പിച്ച ക്രൂശുമരണവും കടന്ന് പുനരുത്ഥാനവും സ്വർഗ്ഗാരോഹണവും വരെയുള്ള സമയം പരസ്യശുശ്രൂഷയുടെ ഘട്ടമാണ്. വ്യത്യസ്തതയാർന്ന വ്യക്തിത്വങ്ങളെ താൻ അടുത്തറിഞ്ഞ കാലം, വൈവിധ്യമാർന്ന സമൂഹങ്ങളുടെ അഭിപ്രായഗതികളെ താൻ സ്വരൂപിച്ച കാലം. വ്യത്യസ്തമനോഭാവങ്ങളോടുകൂടി തന്നെ സമീപിക്കുന്ന മൂന്നു കൂട്ടരെക്കുറിച്ചാണ് ഇന്നു നാം ചിന്തിക്കുന്നത്.

**1. തിങ്ങിക്കൂടിയ പുരുഷാരം (The crowded people):** “അവൻ വീട്ടിൽവന്നു അവർക്ക് ഭക്ഷണം കളിപ്പാൻപോലും വഹിയാതെവണ്ണം പുരുഷാരം പിന്നെയും തിങ്ങിക്കൂടി വന്നു” വി. മർക്കോസ് 3:20. ഇത് കർത്താവിന്റെ പരസ്യശുശ്രൂഷാവേളയിലെ ഒരു സാധാരണ ദൃശ്യമായിരുന്നു. ഉദ്ദേശ്യങ്ങളുടെ വൈവിധ്യതയാണ് തിങ്ങിക്കൂടിയ പുരുഷാരത്തിൽ നമുക്കു ദർശിക്കാനാവുക. അപ്പംതിന്ന് ഭൗതിക തൃപ്തിപ്രാപിച്ചവർ അക്കൂട്ടത്തിലുണ്ടാവും രോഗശാന്തികൊണ്ട് നേട്ടം കണ്ടവരും അടയാളങ്ങൾ കണ്ട് മനം തണുത്തവരുമുണ്ടാകും അവർ ഇനിയും പലതും പ്രതീക്ഷിച്ച് കൂടിയിരിക്കയാണ്. ഒരു പ്രതീക്ഷയുമില്ലാത്തവരും ഒരുപക്ഷേ, കണ്ടേക്കാം. മറ്റൊരവസരത്തിൽ യേശു ഇരുന്നിരുന്ന വീടിന്റെ വാതിൽ അടഞ്ഞ് വലിയ പുരുഷാരം കൂടിയത് നമുക്കറിയാം. നാലാൾ ചുമന്നുകൊണ്ടുവന്ന പക്ഷവാതരോഗിയെ യേശുവിന്റെ സമീപത്തേക്കു കൊണ്ടുവരുന്നതിന് അവർ മുഖ്യ തടസ്സമായിരുന്നു. പിന്നീടൊരിക്കൽ ജനമെല്ലാം യേശുവിനെ തിക്കിത്തിരക്കിക്കൊണ്ടിരിക്കുമ്പോൾ യേശു തന്റെ ശിഷ്യന്മാരോട് ചോദിക്കുന്നു. തന്നെ തൊട്ടത് ആരെന്ന്. തെല്ലു പരിഭ്രമത്തോടെ എന്നാൽ തികഞ്ഞ വിശ്വാസത്തോടെ അവന്റെ വസ്ത്രം സ്പർശിച്ച് രക്തസ്രാവക്കാരിയ്ക്ക് ലഭിച്ചത് അവനെ തിക്കിത്തിരക്കിയവർക്ക് ലഭിച്ചതിൽ എത്രയോ അധികമായിരുന്നു. സഭ വിശ്വാസികളുടെ കൂട്ടമാണ്. എന്നാൽ, വിശ്വാസികൾ എങ്ങനെ? എന്തിന്? കൂടിയിരിക്കുന്നുവെന്നത് പ്രധാനപ്പെട്ട കാര്യമാണ്. ദൈവനാമം ദുഷിക്കത്തക്കവിധത്തിലോ സമസൃഷ്ടങ്ങൾക്ക് ദൈവീകസഖിത്വത്തിന് തടസ്സം സൃഷ്ടിക്കത്തക്ക നിലയിലോ നാം ഒത്തുചേരുമ്പോൾ അത് യഥാർത്ഥ കൂട്ടായ്മയാകുന്നുവോ എന്നു ചിന്തിക്കണം. യേശുവിന്റെ സഖിത്വം നമ്മിൽ ലക്ഷ്യബോധമുണ്ടാക്കണം. അപ്പോൾ ലക്ഷ്യപ്രാപ്തിയ്ക്കായുള്ളത് യേശു നമ്മിൽ പ്രവൃത്തിക്കും. സംശയമില്ല.

**2. പിടിപ്പാൻ വന്ന ചാർച്ചക്കാർ (Own People who went out to restrain him):** “അവന്റെ ചാർച്ചക്കാർ അതുകേട്ടു, അവനു ബുദ്ധിഭ്രമമുണ്ട് എന്നു പറഞ്ഞ് അവനെ പിടിപ്പാൻ വന്നു” വി. മർക്കോസ് 3:21 യേശുവിന്റെ പരസ്യശുശ്രൂഷയെ സംശയദൃഷ്ടാവീക്ഷിച്ചവരും അവിശ്വാസംമൂലം തന്റെ അപ്രിയത്തിന് പാത്രമായവരുമായിട്ടാണ് യേശുവിന്റെ ചാർച്ചക്കാരെപ്പറ്റി നാം തിരുവചനത്തിൽ കാണുന്നത്. വിരുദ്ധപ്പെട്ടുപോയതിന്റെ തെളിവാണ് യേശുവിൽ അവർ ആരോപിച്ച ബുദ്ധിഭ്രമം. ഒരുപക്ഷേ, അവർ ചിന്തിച്ചിരിക്കാവുന്നത് നസ്രത്തിലെ ശാന്തമായ വാസവും ആദായകരമായ മരപ്പണിയും ഉപേക്ഷിച്ച് അലഞ്ഞുതിരിഞ്ഞ് പ്രസംഗിച്ചു നടപ്പാനും വിദ്യാവിഹീനരായുമുള്ളവരെ ശിഷ്യഗണങ്ങളായി ചേർക്കുവാനും ഇടയായത് യേശുവിന്റെ ബുദ്ധിഭ്രമം ഒന്നുകൊണ്ടു മാത്രമാകാമെന്നാണ്. മറ്റൊരവസരത്തിൽ യേശു തന്റെ പിതൃനഗരത്തിലേക്കു ചെന്നതിനെപ്പറ്റി വി. മത്തായി 13-ൽ നാം വായിക്കുന്നു ജ്ഞാനത്തിൽ തികവുള്ള ഉപദേശങ്ങൾ അവർ കേട്ടിട്ട്, വൻവീര്യപ്രവൃത്തികൾ അവർ കണ്ടിട്ട് യേശുവിനെ ഭൗമിക ചുറ്റുവട്ടത്തിൽ ഒതുക്കുവാനായിട്ടാണ് അവർ ആഗ്രഹിച്ചത്. ഇവൻ തച്ചന്റെ മകൻ അല്ലയോ? ഇവന്റെ അമ്മ മറിയ എന്നവൾ അല്ലയോ? ഇവന്റെ സഹോദരന്മാർ യാക്കോബ്, യോസെ, ശീമോൻ, യൂദാ എന്നവർ അല്ലയോ? ഇവന്റെ സഹോദരികളും എല്ലാം നമ്മോടുകൂടെയില്ലയോ? എന്നിങ്ങനെ പോയി അവരുടെ ചോദ്യങ്ങൾ. അവർ അവങ്കൽ ഇടറിപ്പോയി. യേശു അവരോട് പറയുന്നു “ഒരു പ്രവാചകൻ തന്റെ പിതൃനഗരത്തിലും സ്വന്തഭവനത്തിലുമല്ലാതെ ബഹുമാനമില്ലാത്തവൻ അല്ല” വി. മത്തായി 13:57. പിന്നീടൊരിക്കൽ യേശു പറഞ്ഞു: “ഒരു മനുഷ്യന്റെ ശത്രുക്കൾ അവന്റെ വീട്ടുകാർ തന്നെയാകുന്നു” വി. മത്തായി 10:36, 1 പത്രോസ് 2:9–ൽ നാം ഇപ്രകാരം വായിക്കുന്നു “നിങ്ങളോ അന്ധകാരത്തിൽനിന്ന് തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവുമാകുന്നു.” നാം വിശുദ്ധവംശവും, സ്വന്തജനവുമെങ്കിൽ നമുക്ക് യേശുവിനോടുള്ള മനോഭാവമെന്താണ്? പലർക്കുമിന്ന് ക്രിസ്ത്യാനിത്വം ഒരു സ്റ്റാറ്റസ്സിംബലല്ലേ എന്നു ചിന്തിക്കുന്നത് അഭികാമ്യമാണ്. കുരിശിനെ മാനിക്കുന്ന നാം കുരിശിൽ മരിച്ച യേശുവിന്റെ “പ്രകൃത”ത്തെ അംഗീകരിക്കാൻ മടികാണിക്കുന്നു. സഭാംഗങ്ങളെന്നഭിമാനിക്കുന്ന നാം സഭയുടെ കല്പനകളെയും ചിട്ടകളെയും സൗകര്യപൂർവ്വം അവഗണിക്കുന്നു. സഭയുടെ നാഥന്റെ ജീവിതവും ആദർശങ്ങളും പഴഞ്ചനായി കരുതുന്നു. അതേ നാം യേശുവിൽ ബുദ്ധിഭ്രമം ആരോപിക്കുന്നു, അവനെപിടിപ്പാൻ വെമ്പൽകൊള്ളുന്ന ചാർച്ചക്കാരാണോ എന്ന് പരിശോധിക്കണം.

**കുരിശിനെ മാനിക്കുന്ന നാം കുരിശിൽ മരിച്ച യേശുവിന്റെ “പ്രകൃത”ത്തെ അംഗീകരിക്കാൻ മടികാണിക്കുന്നു. സഭാംഗങ്ങളെന്നഭിമാനിക്കുന്ന നാം സഭയുടെ കല്പനകളെയും ചിട്ടകളെയും സൗകര്യപൂർവ്വം അവഗണിക്കുന്നു. സഭയുടെ നാഥന്റെ ജീവിതവും ആദർശങ്ങളും പഴഞ്ചനായി കരുതുന്നു. അതേ നാം യേശുവിൽ ബുദ്ധിഭ്രമം ആരോപിക്കുന്നു, അവനെപിടിപ്പാൻ വെമ്പൽകൊള്ളുന്ന ചാർച്ചക്കാരാണോ എന്ന് പരിശോധിക്കണം.**

**3. കുറ്റമാരോപിക്കുന്ന (Scribes who accuse him):** “ശാസ്ത്രിമാർ യരുശലേമിൽനിന്നു വന്ന ശാസ്ത്രിമാരും; അവനു ബേൽസബൂൽ ഉണ്ട്. ഭൂതങ്ങളുടെ തലവനെക്കൊണ്ട് അവൻ ഭൂതങ്ങളെ പുറത്താക്കുന്നുവെന്നു പറഞ്ഞു” വി. മർക്കോസ് 3: 24 ശാസ്ത്രിമാർ യഹൂദമതസമൂഹത്തിലെ പ്രബലമായ ഒരു വിഭാഗമായിരുന്നു. അവർ അഭ്യസ്തവിദ്യരും പ്രമാണങ്ങൾ തിട്ടമുള്ളവരും അവയുടെ വ്യാഖ്യാനത്തിൽ പ്രാവീണ്യം നേടിയവരുമായിരുന്നു. യേശുവിനെ നിശിതമായി വിമർശിച്ചിരുന്ന ഇക്കൂട്ടരുടെ യരുശലേമിൽ നിന്നുള്ള ആഗമനഉദ്ദേശ്യം യേശുവിൽ ബേൽസബൂബിനെ അവരോധിക്കുകയെന്നതാണ്. എദ്രോനിലെ ഫെലിസ്ത്യദേവനായ ബാലിൽനിന്നാണ് ബേൽസബൂബ് എന്ന നാമം വന്നിരിക്കുന്നതെന്ന ചിന്തയുണ്ട്. വി. മത്തായി, വി. ലൂക്കോസ് എന്നിവർ സാത്താൻ എന്ന പദവും സബൂസ് എന്ന പദവും പിശാചുക്കളുടെ തലവന് ഉപയോഗിക്കുന്നുണ്ട്. ഇവിടെ ദൈവപുത്രനെന്ന നിലയിൽ പിശാചിന്റെമേൽ യേശുവിനുള്ള അധീശത്വത്തെ അംഗീകരിക്കുവാൻ ശാസ്ത്രിമാർ സന്നദ്ധരാവുന്നില്ല. മറിച്ച് പിശാചുക്കളുടെ തലവനുമായുള്ള അവിശുദ്ധ കൂട്ടുകെട്ടിലാണ് യേശുവിന്റെ വീര്യപ്രവൃത്തികൾ നടക്കുന്നതെന്നാണവരുടെപക്ഷം. സാമാന്യബോധത്തിന്റെ ആദിപാഠങ്ങൾ യേശു അവർക്ക് പറഞ്ഞുകൊടുക്കുന്നു. തനിക്കുതന്നെ വിരോധമായിട്ട് നില്ക്കാൻ പിശാചിന് എങ്ങനെ സാധിക്കുമെന്ന് യേശു അവരോട് ചോദിച്ചു. എന്നാൽ ബലവാനെ ബന്ധിച്ചവനായി യേശു തന്നെത്തന്നെ അവർക്കു വെളിപ്പെടുത്തി. ഈ ലോകത്തിന്റെ പ്രഭുവെന്ന് ആരെ വിളിച്ചിരിക്കുന്നുവോ, സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ ഇരിക്കുന്നുവെന്ന് ആരെപ്പറ്റി പറഞ്ഞിരിക്കുന്നുവോ ആ പൈശാചികനെ ബന്ധിച്ച് അവന്റെ ഭവനം കവർച്ചചെയ്ത യോദ്ധാവായിട്ടാണ് യേശുതന്നെപ്പറ്റി സാക്ഷിക്കുന്നത്. മരുഭൂവാസത്തിനുശേഷം വൻമലയിൽ തന്റെ പ്രലോഭന വേളയിൽ സാത്താനേ നീ എന്റെ പിറകിൽ പോവുക എന്നു പറഞ്ഞുകൊണ്ട് ദുഷ്ടശക്തിയെ താൻ നിരോധിച്ചിട്ടുള്ളതാണ്. സകലത്തിനും മതിയാകുന്ന സത്യദൈവവും നിത്യരാജാവും താനെന്ന് യേശു അവരെ സ്വയം കാണിച്ചു.

തിങ്ങിക്കൂടിയ പുരുഷാരത്തിൽനിന്നും, പിടിപ്പാൻവന്ന ചാർച്ചക്കാരിൽനിന്നും, ദോഷമാരോപിച്ച ശാസ്ത്രിമാരിൽനിന്നും വ്യത്യസ്തനായ ഒരു മനുഷ്യനെ യേശുവിൽ കാണുന്നു. ബലവാനെ ബന്ധിച്ചവനായ ദൈവപുത്രൻ. ഈ മഹത്വം യേശുവിൽ ദർശിച്ച എളിയവർക്ക് അവനിൽ നിന്നും നല്ല പ്രതിഫലമുണ്ടായി. സഭ

# മലങ്കരസഭ വാർത്തകൾ

## ഫാ. തോമസ് മാത്യു ഓർത്തഡോക്സ് ക്രിസ്ത്യൻ ബാലസമാജം ജനറൽ സെക്രട്ടറി



കോട്ടയം: മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ ബാലസമാജം ജനറൽ സെക്രട്ടറിയായി മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ വികാരി ഫാ. തോമസ് മാത്യുവിനെ പരിശുദ്ധ കാതോലിക്കാ ബാവാ നിയമിച്ചു. പുത്തൻകാവ് കിഴക്കേത്തലയ്ക്കൽ ഫാ. മാത്യു കോശി സ്ഥാനമൊഴിഞ്ഞതിനാലാണ് ഈ നിയമനം.

കൊല്ലം ഭദ്രാസന ബാലസമാജം സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു വന്ന തോമസ് മാത്യു അച്ചൻ കൊട്ടാരക്കര കിഴക്കേത്തെരുവ് എള്ളുവിള റോഡ് വില്ലയിൽ പരേതനായ ശ്രീ. ചാക്കോ മത്തായിയുടെ പുത്രനാണ്. ചിത്രമെഴുത്ത് കെ. എം. വർഗീസിന്റെ പൗത്രി സൂസനാണ് ഭാര്യ. നീതു എലിസബത്ത്, നിതിൻ മാത്യൂസ് എന്നീ രണ്ടു മക്കൾ.

അനേക ലേഖനങ്ങളും മധുരസ്മൃതികൾ എന്ന ഗ്രന്ഥവും രചിച്ചിട്ടുണ്ട്. മികച്ച സംഘാടകനും വാഗ്മിയുമായ ബഹുമാനപ്പെട്ട അച്ചന് 'മലങ്കരസഭ' മാസികയുടെ ആശംസകൾ.

## ഡോക്ടറേറ്റ് നേടി

ബോംബെ ഭദ്രാസനം Martha Marian Semajam-ന്റെ co-vice president A.I.C.C.W-ന്റെ president ഉമായ, Mrs. Susy Mathew, Bombay University -ൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിന് ഡോക്ടറേറ്റ് നേടിയിരിക്കുന്നു.

## തെരഞ്ഞെടുത്തു



കോട്ടയം: മലങ്കര ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ അഖിലേന്ത്യാ വൈസ് പ്രസിഡന്റായി ഫാ. ജോൺസൺ കല്ലിട്ടതിൽ (തുമ്പമൺ) തെരഞ്ഞെടുക്കപ്പെട്ടു. കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ പ്രസ്ഥാനം പ്രസിഡന്റ് യാക്കോബ് മാർ ഐറേനിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ജനറൽ അസംബ്ലിയിൽ മൂന്നു വർഷത്തേക്കുള്ള ഭാരവാഹിയായിട്ടാണ് അച്ചൻ തെരഞ്ഞെടുക്കപ്പെട്ടത്. തുമ്പമൺ ഭദ്രാസന വൈസ് പ്രസിഡന്റായി പ്രവർത്തിച്ചുകൊണ്ടിരുന്ന അച്ചൻ ചന്ദനപ്പള്ളി വലിയ പള്ളി ഇടവകാംഗമാണ്. വൈ. എം. സി. എ. യുടെ യുവജനവിഭാഗമായ യൂണിവൈയുടെ സംസ്ഥാന ജനറൽ സെക്രട്ടറിയായും അച്ചൻ പ്രവർത്തിച്ചിട്ടുണ്ട്. ഇരുപതു ഭദ്രാസനങ്ങളിൽ നിന്നായി നാനൂറിലധികം പ്രതിനിധികൾ അസംബ്ലിയിൽ പങ്കെടുത്തു.

## നോയിഡ മാർ ഗ്രീഗോറിയോസ് പള്ളി പണിയുവാൻ സ്ഥലം ലഭിച്ചു.

ഉത്തർപ്രദേശ്: 1995-ൽ ആരംഭിച്ച നോയിഡ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ദേവാലയം ഇതുവരെയും സമീപത്തുള്ള കത്തോലിക്കാ ദേവാലയത്തിലാണ് ആരാധനാകാര്യങ്ങൾ ക്രമീകരിച്ചിരുന്നത്. എന്നാൽ ഇപ്പോൾ വിശ്വാസികളുടെ തീവ്രപരിശ്രമത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി അധികാരികളിൽനിന്നും ദേവാലയ നിർമ്മാണത്തിന് സ്ഥലം ലഭിച്ചു. 570 സ്ക്വയർ ഫീറ്റ് സ്ഥലത്തിന് 22 ലക്ഷം രൂപയാണ് കൊടുക്കേണ്ടത്. ദേവാലയത്തിന്റെ വികാരിയായി ഫാ. കോശി തോമസ് പ്രവർത്തിക്കുന്നു.

## യാത്രയയപ്പ്

വകയാർ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽനിന്നും സ്ഥലം മാറിപ്പോകുന്ന വികാരി ഫാ. റ്റി.എം. ശാമുവേൽ തയ്യിലിന് വകയാർ സെന്റ് മേരീസ് പള്ളിയിൽ യാത്രയയപ്പ് നല്കുകയുണ്ടായി.

റിട്ട. മജിസ്ട്രേറ്റ് കെ.ജി. വർഗീസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മുൻ എം. എൽ.എ. പി.ജെ. തോമസ്, സി.റ്റി. ഡാനിയേൽ, പി.ഇ. ബേബി, ഇ.ഡി. ഡാനിയേൽ, പി.ജെ. ശോശാമ്മ, ഷിജു വർഗീസ് എന്നിവർ ആശംസകൾ അർപ്പിച്ചു. ഇടവകയുടെ വക ഉപഹാരം ട്രസ്റ്റി എം.എസ്. ഡാനിയേലും, യുവജനപ്രസ്ഥാനത്തിന്റെ വകയായിട്ടുള്ളത് ജിജി ജോർജ് കോയിലേത്തും സമർപ്പിച്ചു. ഫാ. റ്റി. എം. ശാമുവേൽ മറുപടി പറഞ്ഞു.

## മലങ്കര മുൻ പത്രാധിപർ എം.സി കുര്യാക്കോസ് റമ്പാന്റെ 42-ാം ചരമവാർഷികം





Reeba Mathews



Mathew Reni Philip



M. Yohannan Naupada



# യൂഹാനോൻ മാർ സേവേറിയോസ്: വ്യക്തിയും ദർശനവും

ഡോ. വി. മാത്യു കുര്യൻ, പ്രിൻസിപ്പൽ, എം.ഡി. കോളജ്, പഴഞ്ഞി

### I ആമുഖം

കൊച്ചി ഭദ്രാസനാധിപനായിരുന്ന കാലം ചെയ്ത യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ ആധുനിക മലങ്കര ഓർത്തഡോക്സ് സഭയുടെ ശ്രേഷ്ഠ ഗുരുവും, പ്രവാചകനുമായിരുന്നു. ജന്മനാ തനിക്കു ലഭിച്ച 'ആത്മീയ ജിജ്ഞാസ' പരിശുദ്ധപിതാവിനെ ഓർത്തഡോക്സ് സഭാവിശ്വാസത്തിന്റെ ഉറവകളിലേക്കു നയിച്ചു. അതിനായി അദ്ദേഹം തെരഞ്ഞെടുത്ത പാത മലങ്കര നസ്രാണികളുടെ ആരാധനാ ഭാഷയായ സുറിയാനി ആയിരുന്നു. എന്നാൽ ക്രാന്തദർശിയായ പിതാവ് താൻ സന്ദർശിച്ച 'വിശ്വാസസൗന്ദര്യ'ത്തെ സാധാരണക്കാർക്ക് അനുഭവവേദ്യമാക്കാൻ ആരാധനാക്രമങ്ങളെ അവരുടെ സംസാര ഭാഷയായ മലയാളത്തിലേക്ക് ലളിതമായി പരിഭാഷപ്പെടുത്തി. സത്യത്തിന്റെ മുഖം തിരിച്ചറിഞ്ഞ തിരുമേനി ആജീവനാന്തം സഭയെ ആ വഴിയിൽ ചരിപ്പിക്കുവാൻ തന്നാലാവതു ശ്രമിച്ചു. മഹാത്മാഗാന്ധി പറയാറുണ്ടായിരുന്നു: "എന്റെ ജീവിതമാണെന്റെ ദൂത്." ഈ പ്രസ്താവന സേവേറിയോസ് പിതാവിനും പൂർണ്ണമായി ഇണങ്ങുന്നതാണ്. അദ്ദേഹത്തിന്റെ വാക്കും പ്രവൃത്തിയും തമ്മിൽ വിടവ് കണ്ടുപിടിക്കാൻ ആർക്കും സാദ്ധ്യമല്ല. അഭിവന്ദ്യ തിരുമേനി സഭയെ ശുദ്ധീകരിക്കുന്നതിനാണ് പ്രധാനമായും പരിശ്രമിച്ചതെങ്കിലും, അദ്ദേഹത്തിന്റെ ചിന്തകൾ മൊത്തം സമൂഹത്തിനും പ്രയോജനപ്പെടുന്നതാണ്.

സേവേറിയോസ് പിതാവിന്റെ വ്യക്തിത്വത്തിന്റെ ചില വശങ്ങൾ, ആധുനിക സാമൂഹ്യ-സഭാ ജീവിതത്തിൽ അദ്ദേഹം ദർശിച്ച ചില പോരായ്മകൾ, പരിശുദ്ധ പിതാവിന്റെ ജീവിതദർശനം ഇവയാണ് ഈ പഠനത്തിൽ ഉൾപ്പെടുത്താൻ ശ്രമിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ ചിന്തകൾ ഇന്നും വളരെ പ്രസക്തമാണ്.

### II. മാർ സേവേറിയോസിന്റെ വ്യക്തിത്വം

#### 1. കർഷകനായ തിരുമേനി:

ഒരു സാധാരണ കർഷകകുടുംബത്തിലാണ് പരിശുദ്ധ പിതാവ് ജനിച്ചത്. തന്റെ ഡയറിക്കുറിപ്പിൽ ജീവിതത്തിലെ അവിസ്മരണീയ സംഭവമായി പ്രഥമമായി രേഖപ്പെടുത്തിയിരിക്കുന്നത് വെറും നാലു വയസ്സു മാത്രം ഉണ്ടായിരുന്നപ്പോൾ സംഭവിച്ച 1924 -ലെ വെള്ളപ്പൊക്കമാണ്. കർഷക കുടുംബങ്ങളെ കണ്ണീരിലാഴ്ത്തുന്ന സംഭവങ്ങളാണ് വെള്ളപ്പൊക്കം, കൊടുങ്കാറ്റ്, വരൾച്ച എന്നിവ. 1924-ലെ വെള്ളപ്പൊക്കത്തോടനുബന്ധിച്ചുണ്ടായ കൃഷിനാശം തന്റെയും മറ്റുള്ള കുടുംബങ്ങളെയും ദുഃഖിപ്പിച്ചത് ആ പിഞ്ചു ഹൃദയത്തെ വളരെ ആഴത്തിൽ സ്പർശിച്ചു. സാധാരണ കർഷകകുടുംബങ്ങളിൽ പൊതുവെ കുട്ടികളും, മുതിർന്നവരും, തൊഴിലാളികളും എല്ലാം കൃഷിപ്പണികളിൽ ഏർപ്പെടാറുണ്ട്. തിരുമേനിയും ബാലനായിരുന്നപ്പോഴും, യുവാവായിരുന്നപ്പോഴും കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരുന്നു. നമ്മുടെ കർത്താവും തന്റെ പരസ്യ ശുശ്രൂഷയ്ക്കുമുമ്പ് ആശാരിപ്പണി ചെയ്തിരുന്നല്ലോ? കൊച്ചി ഭദ്രാസനാധിപനായിരുന്ന കൊരട്ടിയിൽ വന്നപ്പോൾ തിരുമേനിയിലെ കർഷകൻ ഉണർന്നതുകൊണ്ടാണല്ലോ ഭദ്രാസനാസ്ഥാനത്ത് ഇന്നു നാം കാണുന്ന മനോഹരമായ തെങ്ങിൻ തോപ്പുണ്ടായത്. സാധാരണ കർഷകർ കപടമുഖമില്ലാത്തവരും, കഠിനാദ്ധ്വാനികളും, ചിട്ടയോടെ ജീവിക്കുന്നവരും, ഈശ്വരവിശ്വാസികളും, പ്രകൃതിസ്നേഹികളുമൊക്കെ ആയിരിക്കും. ഈ ഗുണവിശേഷങ്ങളെല്ലാം പരിശുദ്ധ പിതാവിൽ വിളങ്ങിയിരുന്നു.

തിരുമേനിയിലെ കർഷകസ്വാധീനം തന്റെ രചനകളിൽപോലും കാണാം. സ്വർഗ്ഗാരോഹണവും പെന്തിക്കൊസ്തിയും എന്ന ലേഖനത്തിലെ ഈ ഭാഗം ശ്രദ്ധിക്കുക: "കർത്താവിന്റെ മനുഷ്യാവതാരവ്യാപാരങ്ങളെ എല്ലാംകൂടി ഒരേയൊരു ബൃഹത്തായ കഠിനാദ്ധ്വാനത്തിന്റെ വിവിധ ഭാഗങ്ങളായി നാം കണക്കാക്കണം. ഒരു കർഷകന്റെ അദ്ധ്വാനത്തിന്റെ വിവിധ ഘട്ടങ്ങളെ വേർതിരിയപ്പെട്ടതും പരസ്പരം ബന്ധമില്ലാത്തതുമായ പരിപാടികളായി ആരും കണക്കാക്കുകയില്ലല്ലോ. വിത്തുശേഖരണം, നിലമൊരുക്കൽ, വിത, വളമിടൽ, ജലസേചനം, കൊയ്ത്ത്, അറയിലെ ധാന്യശേഖരണം, അരിയെടുക്കൽ, ഭക്ഷണപാചകം, ഭക്ഷണാനുഭവം ഇങ്ങനെയുള്ള വിവിധ ഘട്ടങ്ങൾ ഒരേ കർമ്മപദ്ധതിയുടെ അനിഷേധ്യങ്ങളായ ഭാഗങ്ങളാണ്."

#### 2. ആർഷ-ക്രൈസ്തവ പാരമ്പര്യങ്ങളുടെ സംഗമം

സേവേറിയോസ് തിരുമേനിയിൽ ആർഷഭാരതത്തിന്റെയും പൗരസ്ത്യ ക്രൈസ്തവപാരമ്പര്യത്തിന്റെയും സ്വാധീനം ഒന്നുപോലെ കാണാൻ കഴിയും. അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ "സഭയുടെ വിശ്വാസമാകുന്ന സ്വർണ്ണത്തോടുകൂടി, ഭാരതീയ ചിന്തയാകുന്ന സുഗന്ധം കൂടി ചേർന്നാൽ സ്വർണ്ണത്തിന്റെ മാറ്റ് കുറയില്ലല്ലോ?" (പരുമല ബാവ) വിദ്യാസമ്പാദനത്തിൽ പുരാതന ഭാരതീയ രീതി, ശിഷ്യൻ ഗുരുവിന്റെ കൂടെ വസിച്ചനുഭവിച്ച് ഗുരുമുഖത്തുനിന്നും പഠിക്കുക എന്നുള്ളതാണ്. നമ്മുടെ പരിശുദ്ധ പിതാവും മുഖ്യമായും ഈ രീതിതന്നെയാണവലംബിച്ചത്. എറികാട്ട് കൂട്ടുങ്കൽ ഗീവർഗീസ് കശ്ശീശാ (പിന്നീട് റമ്പാൻ) ആയിരുന്നു പ്രഥമ ഗുരു. തുടർന്ന് പാമ്പാടിത്തിരുമേനി, ഔഗേൻബാവാ, ഗീവറുഗീസ് ദ്വിതീയൻബാവാ എന്നിവരെയും അദ്ദേഹം ഗുരുക്കന്മാരായി വരിച്ചു. പൗരസ്ത്യക്രിസ്തീയ പാരമ്പര്യത്തിന്റെ മൂർത്തീഭാവമായി അദ്ദേഹം കണ്ടത് പരിശുദ്ധനായ പരുമല തിരുമേനിയെയാണ്. അതുപോലൊരു ജീവിതം കെട്ടിപ്പടുക്കാനാണ് തന്റെ ജീവിതത്തിൽ ഉടനീളം അദ്ദേഹം യത്നിച്ചതും. "പരുമല തിരുമേനി അയച്ചിരുന്ന ലേഖന സമാനമായ ധീരകല്പനകളിൽ പ്രകടമായിരുന്ന അമർത്തിയ നെടുവീർപ്പുകളും ഏങ്ങലടികളും മലങ്കര സഭ ഈ നൂറ്റാണ്ടിൽ കേട്ടത് യോഹന്നാൻ മല്പാനച്ചന്റെ ലേഖനങ്ങളിൽനിന്നാണ്" (റവ. ഡോ. ജോസഫ് ചീരൻ, മലങ്കരയുടെ പ്രവാചകൻ, പു. 57). സുറിയാനി ഭാഷാജ്ഞാനത്തിലും, പൗരസ്ത്യക്രൈസ്തവദർശനത്തിലും, സഭാചരിത്രപാണ്ഠിത്യത്തിലും, പൗരാണിക ആരാധനകളുടെ പൊരുൾ തിരിക്കുന്നതിലും, ജീവിതവിശുദ്ധിയിലും എല്ലാം യുഹാനോൻ മാർ സേവേറിയോസ് അദ്വിതീയനായിരുന്നു.

#### 3. മലങ്കരയുടെ ആധുനികമല്പാൻ:

മാർസേവേറിയോസ് തിരുമേനി വൈദികനായിരുന്നപ്പോൾ അദ്ദേഹത്തിലെ അദ്ധ്യാപക പ്രതിഭയെ തിരിച്ചറിയാൻ പരിശുദ്ധനായ

ഗീവറുഗീസ് ദ്വിതീയൻ ബാവായ്ക്കു കഴിഞ്ഞു. പരിശുദ്ധ പിതാവ് യോഹന്നാനച്ചനെ വൈദിക സെമിനാരിയിൽ മല്പാനായി നിയമിച്ചു. ഒരുപക്ഷേ, സഭയ്ക്കുള്ള തിരുമേനിയുടെ ഉൽകൃഷ്ടമായ സംഭാവന ഈ നിലയിലായിരിക്കും. സുറിയാനി ഭാഷയും, പൗരസ്ത്യ ഓർത്തഡോക്സ് ആരാധനാക്രമങ്ങളും എത്രയും ലളിതമായും, പാണ്ഡിത്യത്തോടും വിദ്യാർത്ഥികളെ പഠിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹത്തിന്റെ അറിവിന്റെ ഭണ്ഠാരത്തിൽനിന്നും അനർഗ്ഗളമായ അറിവ് പ്രവഹിച്ചിരുന്നു. വിദ്യാർത്ഥികൾ മാത്രമല്ല, സഹാദ്ധ്യാപകരും, അന്യസഭാപിതാക്കന്മാർ പോലും ഈ ജ്ഞാനതീർത്ഥത്തിൽ നിന്നും ദാഹം ശമിപ്പിച്ചിരുന്നു. സേവേറിയോസ് തിരുമേനിയുടെ സഹപ്രവർത്തകനായിരുന്ന ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ സാക്ഷ്യം പറയുന്നു: "എന്നെ അതിശയിപ്പിച്ചിട്ടുള്ള ഒരു കാര്യം അദ്ദേഹത്തിന്റെ വേദപുസ്തകപരിജ്ഞാനമായിരുന്നു. എനിക്കു ചില കൺവൻഷൻ പ്രസംഗവിഷയങ്ങൾ ലഭിച്ചിരുന്നതുപോലും അദ്ദേഹവുമായുള്ള സംഭാഷണത്തിൽനിന്നായിരുന്നു. അദ്ദേഹത്തിന്റെ അച്ചടിച്ച പ്രസംഗങ്ങളും ലേഖനങ്ങളും സൃഷ്ടിപരമായി അനവധി നിർദ്ദേശങ്ങൾ ഉള്ളവയായിരുന്നു..." (ഉദ്ധരിച്ചിരിക്കുന്നത്, റവ. ഡോ. ജോസഫ് ചീരൻ, മലങ്കരയുടെ പ്രവാചകൻ, പു. 39, 40).

"പതിനാറുവർഷക്കാലം, വൈദിക സെമിനാരിയിൽ ഒരു മല്പാനായി കഴിഞ്ഞ തിരുമേനി, വൈദികലോകത്തിന് അറിവുമാത്രമല്ല, ഒരു ഉത്തമവൈദികന്റെ തികഞ്ഞ മാതൃകക്കൂടി പുലർത്തേണ്ടത് എങ്ങനെയെന്ന് സ്വജീവിതം വഴി പഠിപ്പിച്ചുകൊണ്ടിരുന്നു." (ആർത്താറ്റ് കുന്നംകുളം മഹാഇടവക സോവനീർ, 1976).

### 4. ദയാസമ്പന്നനായ തിരുമേനി:

തന്റെ പരിമിതമായ സമ്പത്ത് മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിൽ തിരുമേനി ആനന്ദം കണ്ടിരുന്നു. അതൊരു ക്രിസ്തീയ ഉത്തരവാദിത്തമായി സ്വയം ഏറ്റെടുത്തു ഈ ധർമ്മം മറ്റുള്ളവരിലും സൃഷ്ടിക്കുവാൻ തിരുമേനി ശ്രമിച്ചു. 'വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നത് ഭാഗ്യം' എന്ന ലേഖനത്തിൽ കൂടെ തിരുമേനി നമ്മെ ഉൽബോധിപ്പിക്കുന്നു: "കൊടുക്കണമെന്നുള്ളത് കർതൃകല്പനയാകുന്നു... മറ്റുള്ളവർക്ക് എന്തെങ്കിലും കൊടുക്കണമെന്നുള്ളത് ഒരു ധാർമ്മിക കടപ്പാടും ക്രിസ്തുമതവും ഇതരമതങ്ങളും അനുശാസിക്കുന്ന ഒരു കർത്തവ്യവുമാണ്." കൊടുക്കുന്നതുകൊണ്ട് കുറച്ചിലും കുറവും വരുന്നില്ല. നമ്മെ സമീപിക്കുന്ന പാവപ്പെട്ടവരിൽ കൂടെയും അവശന്മാരിൽകൂടെയും ക്രിസ്തുവിനെ കാണാൻ നമുക്കുകഴിവുണ്ടാകണം. ഈ ചെറിയവരിൽ കൂടെ കർത്താവിനെ കാണുന്നവർക്കു മാത്രമെ ജീവിതപ്രശ്നങ്ങളെ കൈകാര്യം ചെയ്യാനും പരിഹരിക്കാനും കഴിവുണ്ടാകു. അഹങ്കാരവും, ഡംഭും, പ്രതാപമോഹവും ഒഴിഞ്ഞ് ക്രിസ്തുവിനോടു തുല്യമായ സ്വഭാവം കൈവരുത്തണമെങ്കിൽ പാവപ്പെട്ടവരിൽ കൂടെ ക്രിസ്തുവിനെ കാണാൻ ഇടയാകണം. പട്ടിണിയും ക്ഷാമവും മൂലവും, അജ്ഞതയും പാപവും മൂലവും എരിപിരികൊള്ളുന്ന ഒരു ലോകത്തെ നമുക്കു ചുറ്റും കാണാം. ഈ അവശതയ്ക്കു പരിഹാരം വരുത്തുവാൻ നമ്മുടെ എളിയ കഴിവുകൾ വിനിയോഗിക്കുമ്പോൾ നമുക്കു ക്രിസ്തുവിനെ അവരുടെ മദ്ധ്യത്തിൽ കാണാറാകും. ക്രിസ്തുവിനെ കാണാതെയുള്ള പരിഹാരപദ്ധതികൾ ആണ് ലോകം പലപ്പോഴും ആസൂത്രണം ചെയ്യാറുള്ളത്. അവയെല്ലാം തകരാറിൽ അവസാനിക്കുകയും ചെയ്യും. സോവ്യറ്റുയൂണിയന്റെയും മറ്റു പല കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളുടെയും പതനം സേവേറിയോസ് പിതാവിന്റെ പ്രവചനാപരമായ വാക്കുകളെ ശരിയാണെന്നു തെളിയിച്ചിരിക്കുന്നു. എന്നാൽ ഇത് പാവപ്പെട്ടവരോടുള്ള ക്രൈസ്തവധർമ്മത്തിന്റെ പ്രസക്തി കുറയ്ക്കുകയല്ല മറിച്ച് വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. പക്ഷേ, ഇന്നത്തെ കമ്പോളപരിഷ്കാരങ്ങൾ പാവങ്ങളുടെ മേലുള്ള ജീവിതഭാരം വളരെയധികം കൂട്ടിക്കൊണ്ടാണിരിക്കുന്നത്. ഇതിനെതിരെ ക്രൈസ്തവമനസ്സാക്ഷി പ്രതികരിക്കണ്ടതല്ലെ! മാർ സേവേറിയോസിന്റെ ആത്മാവ് ഇതിനായി നമ്മെ ആഹ്വാനം ചെയ്യുന്നുണ്ട്.

## III. സഭയും സമൂഹവും മാർ സേവേറിയോസിന്റെ വിമർശന വീക്ഷണത്തിൽ

ആധുനിക സാമൂഹ്യ-സഭാരംഗങ്ങളിൽ വളർന്നു വന്നുകൊണ്ടിരിക്കുന്ന ചില പ്രവണതകളെ വളരെ ഭയത്തോടെയാണ് തിരുമേനി വീക്ഷിച്ചിരുന്നത്. അദ്ദേഹത്തിന്റെ വിമർശനങ്ങൾക്കു വിധേയമായ ചില പ്രവണതകൾ: ഭൗതികത, അധാർമ്മികത, മതാത്മകത എന്നിവയായിരുന്നു.

### 1. ഭൗമികത:

ഇന്നത്തെ സമൂഹം 'ഭൗതികത'യുടെ പിടിയിലാണ്. ഭൗതികവസ്തുക്കളുടെ സമ്പാദനവും ഉപയോഗവുമാണ് ജീവിതവിജയത്തിന്റെ ഉരകല്ലായി എടുത്തിരിക്കുന്നത്. കമ്പോളമാണ് മനുഷ്യബന്ധങ്ങളെപ്പോലും നിർണ്ണയിക്കുന്നത്. മതവും/സഭയും ഒരു സംഘടന എന്ന നിലയിൽ അതിവേഗം വാണിജ്യ സംസ്ക്കാരത്തിന്റെ തടവറയിൽ പ്രവേശിച്ചുകൊണ്ടിരിക്കുകയാണ്. 'വിശ്വാസം' ഒരു കമ്പോളച്ചരക്കായി മാറുന്നതും അതിന്റെ അപകടവും മാർ സേവേറിയോസിന്റെ ഭൗതികദൃഷ്ടിയിൽപെട്ടിരുന്നു. ആ പ്രവണതയെ അതിനിശിതമായിട്ടാണ് തിരുമേനി വിമർശിക്കുന്നത്!

"ധനം, വിദ്യാഭ്യാസം, ഉദ്യോഗം, ആരോഗ്യം, അധികാരം, വസ്തുവകകൾ മുതലായവ മാത്രം ജീവിത ലക്ഷ്യമായി കരുതുന്നവരാണ് അവയ്ക്കുവേണ്ടി വിശുദ്ധന്മാരെ കൂട്ടുപിടിക്കാറുള്ളത്. വിശുദ്ധന്മാരെ മാത്രമല്ല ദൈവത്തെക്കുറിച്ചും വിചാരിക്കുന്നതും ഇപ്രകാരമുള്ള ആനുകൂല്യങ്ങൾ മാത്രം നല്കുന്ന ആളാണെന്നും അതിനു എന്തെല്ലാം നേർച്ച വഴിപാടുകളും ശുപാർശകളും നല്കിയാലും അതിൽ പ്രസാദിച്ചുകൊള്ളുമെന്നും ആണ് വരുമാന വർദ്ധനവോ, എസ്റ്റേറ്റ് സമ്പാദനമോ, മണിസൗധങ്ങൾ കെട്ടിപ്പൊക്കുന്നതോ അല്ല വിശുദ്ധിയിലും പുണ്യത്തിലും ഉയർന്നുവരുന്ന ആത്മാക്കളുടെ മുതൽകൂട്ടാണ് പ്രധാനം." (പരുമല ബാവാ)

### 2. അധാർമ്മികത:

ഭൗതികത മുഖമുദ്രയായ ആധുനിക സാമൂഹ്യജീവിതത്തിൽ അധാർമ്മികതയുമായി പൊരുത്തപ്പെട്ടുപോകുന്ന രീതിയാണ് പൊതുവെ നാം ദർശിക്കുന്നത്! സാംസ്ക്കാരിക ഉന്നമനത്തിനായി സംഘടിപ്പിച്ചിട്ടുള്ള കലാ-കായിക രംഗങ്ങളിൽപോലും ഈ വ്യാധിപിടിച്ചിരിക്കുകയാണ്. സമൂഹത്തെ നേർവഴിയിൽ നയിക്കേണ്ട മതവും/സഭയും ഈ അർബ്ബുദത്തിനടിപ്പെട്ടുകൊണ്ടിരിക്കയാണ്!

എന്നാൽ അധാർമ്മികതയുമായി പൊരുത്തപ്പെടാൻ ഒരിക്കലും തിരുമേനി ഒരുക്കമല്ലായിരുന്നു. കും പൗലുസ് എന്ന ലേഖനം സഭയുടെ അധാർമ്മികതയോടുള്ള ഒത്തുതീർപ്പിനെതിരെയുള്ള പടവാളാണ്.



പ്രസ്തുത ലേഖനത്തിൽ തിരുമേനി രേഖപ്പെടുത്തുന്നു: "യഹൂദസഭയിലെ ദുഷിപ്പുകൾ, യറുശലേം ദേവാലയത്തിലെ അഴിമതികൾ, മതത്തിന്റെയും, ദൈവത്തിന്റെയും പേരിൽ നടത്തിയിരുന്ന ദ്രവ്യസമ്പാദനം, പൊതുജനങ്ങളോട് അനുവർത്തിച്ചിരുന്ന ചൂഷണ സമ്പ്രദായം എന്നിവ പതിൻമടങ്ങായി ഈ ഇരുപതാം നൂറ്റാണ്ടിലും ക്രിസ്തീയസഭകളിലും നാം കാണുന്നുണ്ടല്ലോ. എന്നാൽ നമ്മളെല്ലാം കണ്ണടച്ച് അവയൊന്നും കാണുന്നില്ല എന്ന് ധരിക്കുകയല്ലെ ചെയ്യുന്നത്. ആടുമാടുകളെയും പ്രാവുകളെയും വില്ക്കുന്നതിനും കൊള്ളലാഭം എടുക്കുന്നതിനും ദേവാലയ പ്രവർത്തനങ്ങളെ മാധ്യമങ്ങളാക്കിത്തീർത്ത പരിപാടി ഇന്നും തുടരുന്നതിൽ നമ്മുടെ ധാർമ്മിക രോഷത്തെ അമർത്തിക്കൊണ്ട് നടക്കുകയല്ലെ ചെയ്യുന്നത്?"

പണം ഉണ്ടെങ്കിൽ അതിനെ മറയായി പിടിച്ച് തെറ്റുചെയ്യുന്നതിൽ തുടർന്ന് ജീവിക്കാമെന്നും കുറെ നേർച്ചകാഴ്ചകൾ കൊടുക്കുകയും കുർബാന ചൊല്ലിക്കുകയും ചെയ്താൽ ദൈവത്തെ പ്രസാദിപ്പിക്കാമെന്നും എങ്ങനെയോ അനേകരും ധരിച്ചുവശായിട്ടുണ്ട്. പള്ളിവക പണമോ, അന്യരുടെ പണമോ തട്ടിപ്പിലൂടെ കൈക്കലാക്കിയിട്ട് നേർച്ചകൾ നടത്തിയാൽ ക്ഷമിക്കുന്ന ഒരു ഇളപ്പ ബുദ്ധിക്കാരനായിട്ടാണ് ദൈവത്തെക്കുറിച്ച് ചിലർ ധരിച്ചിരിക്കുന്നത്. ഇരുമ്പു നാരായം വിഴുങ്ങിയിട്ട് അതിന്റെ വിഷം തീർക്കാൻ ചുക്കുകഷായം ഉണ്ടാക്കാൻ ഓടുകയാണ് ചിലർ.

### 3. മതാത്മകത:

'മതാത്മകത' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ചിലരുടെ സ്ഥാപിതതാത്പര്യങ്ങൾ സംരക്ഷിക്കാനായി മതത്തെ പ്രകടനാത്മകമായി പ്രയോഗിക്കുന്നതിനെയാണ്. (ബിഷപ്പ് പൗലൂസ് മാർ പൗലൂസ് ആണ് ഈ വാക്കിന്റെ ഉപജ്ഞാതാവ്) മതാത്മകത മതത്തെ രാഷ്ട്രീയവത്ക്കരിക്കുന്നതിനും രാഷ്ട്രീയത്തെ വർഗ്ഗീയവത്ക്കരിക്കുന്നതിനും ഇടയാക്കുന്നു. മതത്തിന്റെ യഥാർത്ഥ ആത്മീകതയെ ഇത് കെടുത്തിക്കളയുന്നു.

മതാത്മകത പ്രവർത്തിക്കുന്നത് പ്രകടനങ്ങളിലും, ഘോഷയാത്രകളിലും, മറ്റ് ബാഹ്യപരിപാടികളിലും കൂടിയാണ്. തിരുമേനി ഇതിനെയൊക്കെ നഖശിഖാന്തം എതിർത്തിരുന്നു. ദാർശനികനായ കർമ്മയോഗിയിൽനിന്ന്: "പ്രകടനങ്ങളും ജാഥകളും മുദ്രാവാക്യങ്ങളും കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ എന്റെ ഉള്ളു നീറുകയാണ്. ഇതുകൊണ്ടൊന്നും സഭയെ കെട്ടിപ്പടുക്കാൻ സാധിക്കുകയില്ലെന്ന് ഇവർ മനസ്സിലാക്കുന്നില്ലല്ലോ. അഗ്നിപർവ്വതത്തിന്റെ മുകളിലത്തെ ഉദ്യാനംപോലെ ചിലതെല്ലാം കണ്ട്, ഏതൊക്കെയോ നേടി എന്ന് ആശ്വസിക്കാമെങ്കിലും അന്തർഭാഗം വെന്തുരുകുകയാണെന്ന് അനേകർക്കറിയാൻ പാടില്ല." (പു. 12)

□


മദ്ധ്യസ്ഥതയിൽ അഭയംപ്രാപിച്ചുകൊണ്ട്



M.K. Kurian & Family Thane

Valsa Kurian

SunnyKurian (Kuriakose)

Sonia Kurian (Mary)

## ഇന്ത്യൻ ഓർത്തഡോക്സ് സഭയ്ക്ക് ജർമ്മനിയിൽ ആസ്ഥാനം

ജർമ്മിനിയിൽ ഇന്ത്യൻ ഓർത്തഡോക്സ് സഭയ്ക്ക് ഒരു ആസ്ഥാനം ഉണ്ടാക്കുവാൻ, ഓർത്തഡോക്സ് ഇടവകകളുടെ സംയുക്ത പൊതുയോഗം തീരുമാനിച്ചു. ഹാശാ ആഴ്ച ശുശ്രൂഷകളോട് അനുബന്ധിച്ച് ബിലഫെൽഡിൽവെച്ച് വികാരി ബ. കോര വറുഗീസ് അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ സംയുക്ത പൊതുയോഗം പദ്ധതിയുടെ നടത്തിപ്പിനായി ബ. ജോർജ് പുലിക്കോട്ടിൽ അച്ചന്റെ നേതൃത്വത്തിൽ വിപുലമായ കമ്മറ്റി രൂപീകരിച്ചു. കാൽനൂറ്റാണ്ടിൽ അധികമായി ജർമ്മനിയിലെ വിവിധ പട്ടണങ്ങൾ കേന്ദ്രീകരിച്ച്, ഇടവകകളും ആരാധനകളും ഉണ്ടെങ്കിലും പൊതുവായി കൂടുന്നതിന് സ്വന്തമായ ഒരു സ്ഥാപനം ഇല്ല എന്ന കുറവ് പരിഹരിയ്ക്കുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

പ. കാതോലിക്കാ ബാവായുടെ 1999-ലെ ജർമ്മൻ സന്ദർശനവേളയിൽ 2000-ാം ആണ്ടിൽതന്നെ ഈ കുറവ് പരിഹരിയ്ക്കേണ്ടതിന്റെ ആവിശ്യകത ഊന്നിപ്പറയുകയുണ്ടായി.

ഭീമമായ ചിലവുവരുന്ന ഈ പദ്ധതിയ്ക്ക് സഭാമക്കളുടെയും, അഭ്യുദയാകാംക്ഷികളുടെയും പ്രാർത്ഥനയും, നിർലോഭമായ സഹായ സഹകരണങ്ങളും ആവശ്യമാണ്. ജർമ്മനിയിലെ ഇന്ത്യൻ സമൂഹത്തിന് തികച്ചും അഭിമാനാർഹമായ ഈ പദ്ധതി സഭകളുടെ ഐക്യത്തിനും, ജനങ്ങളുടെ ആത്മീയ വളർച്ചയ്ക്കും കൂടുതൽ മുതൽക്കൂട്ടാകും എന്ന കാര്യത്തിൽ സംശയമില്ല.

കൂടുതൽ വിവരങ്ങൾ അറിയാനാഗ്രഹിക്കുന്നവർ ബ.വികാരിയെ താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടാൻ താല്പര്യപ്പെടുന്നു.

Rev. Fr. Korah Varghese
Veilehenstr 16, 48599 Gronau,
Germany.
Tel: No.: 02562 - 98857
Tel: Fax: 02562 - 965054

### അനുമോദിച്ചു

തലവൂർ സെന്റ് മേരീസ് ഇടവകയിൽ സൺഡേസ്കൂൾ ഹെഡ്മാസ്റ്ററായി കഴിഞ്ഞ അറുപതു വർഷക്കാലം പ്രവർത്തിച്ച ശ്രീ. ഒ. ചാണ്ടപ്പിള്ളയെ സൺഡേസ്കൂൾ അസോസിയേഷൻ പ്രസിഡന്റുകൂടിയായ ഇടവക മെത്രാപ്പോലീത്താ അഭിവന്ദ്യ മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം അനുമോദിച്ചു. ഇടവകയുടെ ഉപഹാരം അഭിവന്ദ്യ തിരുമനസ്സുകൊണ്ട് നല്കി. സൺഡേസ്കൂൾ ഡയറക്ടർ ശ്രീ. അലക്സാണ്ടർ മടവിള പൊന്നാട അണിയിച്ചു. ഇടവക വികാരി റവ. ഫാദർ മാത്യൂസ് ജോൺ, സൺഡേസ്കൂൾ ഇൻസ്പെക്ടർ ശ്രീ. കെ.എം. ജോൺ, ബിജു വി. പന്തപ്ലാവ്, കെ.പി. തോമസുകുട്ടി, ശ്രീ. സി. യോഹന്നാൻ, ഡി. തങ്കച്ചൻ, ശ്രീമതി. ഏലിയാമ്മ ജോർജ്ജ് എന്നിവർ പ്രസംഗിച്ചു.

### ഓർമ്മദിനം



പുലിക്കോട്ടിൽ ജോസഫ്
മാർ ദീവന്നാസിയോസ്-V
ജൂലൈ 12



സഖറിയാസ് മാർ
ദീവന്നാസിയോസ്
ജൂലൈ 7



ഗീവറുഗീസ് മാർ
ദീയസ്ക്കോറസ്
ജൂലൈ 24

### 8-ാം ചരമവാർഷികം



ഫാ.റ്റി.വി. ജോർജ്ജ്
(നെടുമാവ്)
മുൻ എഡിറ്റർ മലങ്കരസഭ





## ദുരിതാശ്വാസപ്രവർത്തനം: ആഗോള സമ്മേളനതീരുമാനങ്ങൾ

കെ.ജി. മത്തായിക്കുട്ടി

ദുരിതാശ്വാസപ്രവർത്തനങ്ങൾക്കും വികസനമേഖലയ്ക്കുംവേണ്ടി ആഗോളാടിസ്ഥാനത്തിൽ പണം സ്വരൂപിക്കുന്നതു സംബന്ധിച്ചുള്ള ഒരു സമ്മേളനം മെയ് ഒടുവിൽ ഇംഗ്ലണ്ടിലെ ബ്രൈറ്റൻ ബീച്ച് റിസോർട്ടിൽ നടത്തപ്പെട്ടു. സഭകളുടെ ലോക കൗൺസിൽ, ക്രിസ്ത്യൻ എയ്ഡ്, ഡാൻ ചർച്ച് എയ്ഡ് എന്നീ സംഘടനകൾ ചേർന്നാണു സമ്മേളനം വിളിച്ചുകൂട്ടിയത്. ഇന്ത്യയിൽ നിന്ന് ഓർത്തഡോക്സ് സഭാംഗമായ കെ.ജി. മത്തായിക്കുട്ടി (ലൂതറൻ വേൾഡു സർവീസ്) മിസ് മുനിറ സെൻ (ചീഫ് എഡിറ്റർ മാധ്യം, ബാംഗ്ലൂർ) എന്നിവരാണു പങ്കെടുത്തത്. മൊത്തം 22 രാജ്യങ്ങളിൽനിന്നായി 48 പ്രതിനിധികൾ ആഗോള ആശയവിനിമയശൃംഖല സംബന്ധിച്ച ചർച്ചകളും നടത്തുകയുണ്ടായി. അടുത്ത സമ്മേളനം 2002-ൽ ബംഗ്ലാദേശിൽ ചേരും.

ദുരിതാശ്വാസ-വികസന പ്രവർത്തനങ്ങൾക്ക് എങ്ങനെയെല്ലാം പണം പിരിക്കാമെന്നു കുലങ്കഷമായി ചർച്ച നടത്തി. പ്രത്യേക സേവനപ്രവർത്തനങ്ങൾക്കുവേണ്ടി വ്യക്തികൾ മരണശാസനത്തിൽ പണമോ സ്വത്തുക്കളോ വേർതിരിച്ചിരിക്കണം. ഓരോ പദ്ധതിക്കുവേണ്ടിയും പ്രത്യേകം ഫണ്ടുണ്ടാക്കണം. സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ധനശേഖരണം വളരെ പ്രധാനപ്പെട്ടതാണെന്നു ചൂണ്ടിക്കാണിക്കപ്പെട്ടു. പണം ശേഖരിക്കാൻ ലഘുലേഖകൾ വിതരണം ചെയ്യുക, സംഘടനാടിസ്ഥാനത്തിൽ പണം പിരിക്കുക, ക്രമമായി പണം നല്കാമെന്നു പ്രതിജ്ഞ ചെയ്യുന്ന വ്യക്തികളെ കണ്ടെത്തുക, അംഗത്വ ഫീസ്, വരിസംഖ്യ എന്നിവ ഏർപ്പെടുത്തുക, അച്ചടി മാധ്യമങ്ങളിലൂടെയും ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയവയിലൂടെയും ധനശേഖരണയത്നം വിജയിപ്പിക്കുക എന്നിവയാണ് ചർച്ചയിൽ പൊങ്ങിവന്നത്. ഇതു സംബന്ധിച്ച് ഗ്ലോബൽ കമ്മ്യൂണിക്കേഷൻസ് നെറ്റ്വർക്കിന്റെ പ്രധാന സംഘാടകർ സഭകളുടെ ലോകകൗൺസിൽ ആയിരിക്കും.

സഭകളുടെ ലോക കൗൺസിലിന്റെ ഇന്നത്തെ കേന്ദ്രീകൃത സ്വഭാവം മാറ്റി വികേന്ദ്രീകൃത പ്രവർത്തനങ്ങൾക്കു പ്രാധാന്യം നല്കണമെന്നും നാഷനൽ ക്രിസ്ത്യൻ കൗൺസിലുകൾക്കു കൂടുതൽ ഭാഗഭാഗിത്വം ഉണ്ടായിരിക്കണമെന്നും സമ്മേളനം തീരുമാനിച്ചു.

ഓരോരുത്തരും വിൽപത്രത്തിൽ (മരണശാസനം) ദുരിതാശ്വാസ-വികസന പ്രവർത്തനങ്ങൾക്ക് ഒരു തുകയോ സ്വത്തിന്റെ ഒരു ഭാഗമോ നീക്കിവയ്ക്കുന്ന രീതി സഭകളിൽ വ്യാപകമായാൽ ഫണ്ടിന്റെ ക്ഷാമം ഒരിക്കലും നേരിടുകയില്ല എന്ന നിർദ്ദേശത്തിനാണു സമ്മേളനത്തിൽ മുൻതൂക്കം ലഭിച്ചത്.

***മലങ്കര സഭ ഒറീസ്സയിൽ ഏറ്റെടുത്തിരിക്കുന്ന ഗ്രാമപുനർനിർമ്മാണപ്രവർത്തനങ്ങളുടെ കോ-ഓർഡിനേറ്റർ കൂടിയാണു കൊട്ടാരക്കര സ്വദേശിയായ ലേഖകൻ)***

### പുസ്തകപ്രകാശനം

**മാവേലിക്കര:** "ചേപ്പാട്ടു മാർ ദീവന്നാസ്യോസ്: സത്യവിശ്വാസ സംരക്ഷകൻ" എന്ന പുസ്തകത്തിന്റെ രണ്ടാം പതിപ്പ് ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ എം.റ്റി.സി.യിൽ ചേർന്ന സമ്മേളനത്തിൽ പ്രകാശനംചെയ്തു. വെ. റവ. യൂഹാനോൻ റമ്പാൻ, വെ. റവ. ജോൺ മേളാംപറമ്പിൽ റമ്പാൻ, പുസ്തകത്തിന്റെ പ്രസാധകനായ കെ.വി. മാമ്മൻ (കോട്ടയ്ക്കൽ പബ്ലിഷേഴ്സ്, മാങ്ങാനം) എന്നിവർ പ്രസംഗിച്ചു. ചേപ്പാട്ടു പള്ളിയിലെ സീനിയർ വികാരിയായ ഫാ. എൻ. എം. മത്തായി ആദ്യപ്രതി ഏറ്റുവാങ്ങി.

### കൗൺസലിങ് സെന്ററുകൾ: ജന്മദിനസ്മാരകം

**പത്തനംതിട്ട:** തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ പീലിപ്പോസ് മാർ യൗസേബിയോസിന്റെ എഴുപതാം ജന്മദിനസ്മാരകമായി രണ്ടു കൗൺസലിങ് സെന്ററുകൾ ഉടനെ ആരംഭിക്കുന്നതാണെന്നു മെത്രാപ്പോലീത്ത പ്രസ്താവിച്ചു. ഭദ്രാസന അരമന ചാപ്പലിൽ ജന്മദിനമായ ജൂൺ 16-നു വി. കുർബാന അർപ്പിച്ചശേഷം നടത്തപ്പെട്ട അനുമോദന യോഗത്തിനുശേഷം ചെയ്ത മറുപടി പ്രസംഗത്തിലാണു ഇക്കാര്യം അറിയിച്ചത്. ദീർഘനാൾ ജീവിക്കുന്നതിനേക്കാൾ പ്രധാനം അർത്ഥവത്തായും ഭംഗിയായും ജീവിക്കുന്നതാണെന്നും വൈദികർ നിർവഹിക്കേണ്ട കർമ്മങ്ങൾക്കുവേണ്ടി തന്നെ വിളിച്ചു ബുദ്ധിമുട്ടിക്കരുതെന്നും മെത്രാപ്പോലീത്താ പറഞ്ഞു. ആദ്ധ്യാത്മിക സംഘടനാ പ്രതിനിധികൾക്കു പുറമേ വിദ്യാർത്ഥി പ്രസ്ഥാനം ജനറൽ സെക്രട്ടറി ഫാ. ഡോ. എം. സി. ചെറിയാൻ, കെ.വി. മാമ്മൻ എന്നിവരും പ്രസംഗിച്ചു.

### ഫോണിലൂടെ കൗൺസലിങ്ങ് സൗകര്യം

ആത്മഹത്യാചിന്ത, മദ്യപാനം, ചീട്ടുകളി, കടം, ഭാര്യാഭർത്തൃസംശയം, വൈരാഗ്യം, മാനസീക രോഗങ്ങൾ, ഭയങ്ങൾ, അപകടമരണം, പരീക്ഷാഭയം, മാനസീക പിരിമുറുക്കം, ലൈംഗീക പ്രശ്നങ്ങൾ ഇവയാൽ വിഷമിക്കുമ്പോൾ ആലുവാ ചൂണ്ടി സ്നേഹാലയം ഫോണിലൂടെ കൗൺസലിങ്ങ് സൗകര്യം നല്കുന്നു. ഇങ്ങനെയുള്ളവർക്കുള്ള 9 ദിവസത്തെ പ്രത്യേക ചികിത്സാ ക്യാമ്പ് മേയ് 6, 20, ജൂൺ 3, 17, ജൂലൈ 1, 15, 29, ഓഗസ്റ്റ് 12, 26, സെപ്റ്റംബർ 9, 23, ഒക്ടോബർ 7, 21, നവംബർ 9, 18, ഡിസംബർ 2, 16 തീയതികളിൽ ആരംഭിക്കുന്നു. വിവരങ്ങൾക്ക് ഫാ. ജോർജ്ജ് പാറേമ്മാൻ സി.എസ്.ടി. ഡയറക്ടർ, സ്നേഹാലയം, എരുമത്തല പി.ഒ. ചൂണ്ടി കവല.

ഫോൺ: 0484 - 621651

# പരിസ്ഥിതിയുടെ ആത്മീയത

പ്രൊഫ. കെ.പി. ജോയി

പരിസ്ഥിതിയുടെ ആത്മീയതയെക്കുറിച്ച് സഭാംഗങ്ങൾ അവശ്യം അറിഞ്ഞിരിക്കേണ്ടിയിരിക്കുന്നു.

കോട്ടയം ബസേലിയോസ് കോളജ് മുൻ പ്രിൻസിപ്പലും, മഹാത്മാഗാന്ധി യൂണിവേഴ്സിററി മുൻ സിൻഡിക്കേറ്റ് മെമ്പറും, യൂണിവേഴ്സിറ്റിയുടെ 'സ്കൂൾ ഓഫ് എൻവയണ്മെന്റ് സ്റ്റഡീസി'ന്റെ സ്ഥാപക ഡയറക്ടറുമായ പ്രൊഫ. കെ.പി. ജോയി പരിതഃസ്ഥിതിയുടെ ആത്മീയതയെക്കുറിച്ച് ഒരു ലേഖന പരമ്പര ഈ ലക്കംമുതൽ ആരംഭിക്കുന്നു.

നാശത്തിന്റെ നിഴൽ വീണിരിക്കുന്ന ഈ ഭൂമിയെ രക്ഷിക്കുന്നതിനും മനുഷ്യരാശിയുടെ നിലനില്പിനെ സഹായിക്കുന്നതിനും ആത്മീയതയുടെ ആഴത്തിലേക്കുള്ള അന്വേഷണമാണ് ഈ ലേഖനപരമ്പര.

"പച്ചയായ പുൽപ്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു
സ്വസ്ഥതയുള്ള വെള്ളത്തിന്നരികത്തേക്ക് എന്നെ നടത്തുന്നു."

വേദപുസ്തകം വായിച്ചിട്ടില്ലാത്തവർക്കു പോലും സുപരിചിതമാണ് 23-ാം സങ്കീർത്തനത്തിലെ ഈ വാക്യങ്ങൾ. കാരണം പ്രാർത്ഥനകളിൽ മാത്രമല്ല മറ്റ് പല സന്ദർഭങ്ങളിലും ഈ വാക്യം ഉദ്ധരിക്കപ്പെടുന്നു. യഹോവയായ ഇടയന് സൃഷ്ടിയുടെ മേലുള്ള കരുതലിന്റെ വ്യക്തമായ ഒരു ദർശനവും ഇതിലുണ്ട്. സംതൃപ്തിയും സമാധാനവും പകരുന്ന ഈ വാക്യങ്ങൾ മനുഷ്യജാതി എവിടെയാണ് എത്തിച്ചേരേണ്ടത് എന്നതിന്റെ മാർഗ്ഗനിർദ്ദേശവും നല്കുന്നു.

21-ാം നൂറ്റാണ്ടിലേക്കു കാലുകുത്തിയിരിക്കുന്ന നാം പച്ചയായ പുൽപ്പുറങ്ങളിലും സ്വസ്ഥതയുള്ള വെള്ളത്തിനരികിലുമാണോ എത്തിയിരിക്കുന്നത്? ഒരു ദശാബ്ദംമുമ്പ്, ലോകത്തിലെ പ്രസിദ്ധരായ പരിസ്ഥിതി ശാസ്ത്രജ്ഞന്മാരെ ഉദ്ധരിച്ചുകൊണ്ട് 'ടൈം മാഗസിൻ' നമ്മുടെ വാസസ്ഥലമായ ഈ ഭൂമിയെ അപകടത്തിലായ ഗ്രഹം എന്നാണ് നാമകരണം ചെയ്തത്. ഐക്യരാഷ്ട്രസംഘടനയുടെ ആഭിമുഖ്യത്തിൽ മൂന്നു വർഷം നീണ്ടുനിന്ന ഒരു പഠനം വെളിപ്പെടുത്തിയ വിവരങ്ങളും ഉൽക്കണ്ഠ ഉളവാക്കുന്നവയാണ്. ആഗോള തലത്തിലുണ്ടായ പരിസ്ഥിതിക നാശം 88-ൽ പരം രാഷ്ട്രങ്ങളുടെ നിലനില്പിനെ ഇന്ന് നിർണായകഘട്ടത്തിലെത്തിച്ചിരിക്കുന്നുവത്രേ! പ്രസിദ്ധ സാമൂഹ്യശാസ്ത്രജ്ഞനായ ലസ്റ്റർ ആർ. ബ്രൗൺ 'ഗ്ലോബൽ ഇക്കണോമിക് പ്രോജക്ട്' എന്ന തന്റെ ചിന്തോദ്ദീപകമായ പുസ്തകത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്, ഭൂമിയിൽ ജീവൻ താങ്ങിനിർത്തുന്ന പ്രധാന ഘടകങ്ങളായ വെള്ളം, വായു, മണ്ണ്, ജൈവവൈവിദ്ധ്യം എന്നിവയും ആഗോള സമ്പദ്ഘടനയുടെ അടിത്തറകളായ മത്സ്യസമ്പത്ത്, വനപ്രദേശങ്ങൾ, പുൽമേടുകൾ, കൃഷിഭൂമി, വിഭവസ്രോതസ്സുകൾ എന്നിവയും സ്ഥായിയായി നിലനില്ക്കാനാവാത്തവിധം നാശത്തിന്റെ കയത്തിലേക്ക് കുതിക്കുന്നുവെന്നാണ്. കഴിഞ്ഞ മുപ്പതു വർഷങ്ങൾക്കുള്ളിൽ പ്രസിദ്ധീകരിക്കപ്പെട്ട പാരിസ്ഥിതിക ഗ്രന്ഥങ്ങളും, ഭൗമ ഉച്ചകോടികളും, റിപ്പോർട്ടുകളും, ഉന്നതതല സെമിനാറുകളും എല്ലാം വിരൽചൂണ്ടുന്നത് ഭൂമിക്കേറ്റിരിക്കുന്ന ഈ ആഘാതത്തിലേക്കാണ്. "ഭൂമിയുടെ സന്തുലിതാവസ്ഥ നഷ്ടപ്പെട്ടിരിക്കുന്നു." പ്രസിദ്ധ പരിസ്ഥിതി ചിന്തകനും അമേരിക്കൻ വൈസ് പ്രസിഡന്റുമായ അൽഗോറെ തന്റെ എർത്ത് ഇൻ ബാലൻസ് എന്ന പുസ്തകത്തിലൂടെ ഏതാനും വർഷങ്ങൾക്കുമുമ്പുതന്നെ പ്രഖ്യാപിച്ചു. ഇന്റർനാഷണൽ യൂണിയൻ ഓഫ് കൺസർവേഷൻ ഓഫ് നേച്ചറിന്റെ ഡയറക്ടറായിരുന്നു ടി. എം. ടാൽബെർട്ട് ഈ സ്ഥിതിവിശേഷങ്ങളെ വിലയിരുത്തിയത് 'ഉടൻ നാശം വിതയ്ക്കുന്ന രോഗലക്ഷണം' എന്നാണ്.

### ജി.ഇ.ഒ. 2000 റിപ്പോർട്ട്

പുതിയ സഹസ്രാബ്ദത്തിൽ മനുഷ്യജാതി അഭിമുഖീകരിക്കേണ്ടിവരുന്ന പ്രാദേശികവും ആഗോളവുമായ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് 'യൂണൈറ്റഡ് നേഷൻസ് എൺവയണ്മെന്റൽ പ്രോഗ്രാം' (യു.എൻ.ഇ.പി.) അടുത്തകാലത്ത് (സെപ്റ്റംബർ 1998) പുറത്തിറക്കിയ "ഗ്ലോബൽ എൻവയണ്മെന്റ് ഔട്ട്ലുക്ക്" (GEO-2000 Report) റിപ്പോർട്ട് ഉൽക്കണ്ഠയുടെ ആഴം വർദ്ധിപ്പിക്കുന്നു. ഭൂമി ഒരു ജീവിയാണ്. ആരോഗ്യം ക്ഷയിച്ച ഒരു രോഗി. ഒന്നു തീർച്ച ഈ സഹസ്രാബ്ദത്തിന്റെ അവസാനംവരെ ഭൂമിക്ക് ജീവിച്ചിരിക്കാനാവില്ല. ലോകമഹായുദ്ധമോ, പ്രകൃതിക്ഷോഭമോ, പകർച്ചവ്യാധിയോ, ഉൽക്കാപതനമോ ആയിരിക്കില്ല ഈ ദുരന്തം വരുത്തിവെയ്ക്കുന്നത്. വിഭവചൂഷണത്തിനുവേണ്ടി മനുഷ്യൻ ഭൂമിയുടെ മേൽ നടത്തിയ ഹൃദയശൂന്യമായ കടന്നാക്രമണവും ആധുനിക ഉപഭോക്തൃ ജീവിത ശൈലിയുമാണ് ഭൂമിയെ രോഗിയാക്കി മാറ്റിയത്. പ്രകൃതി ജ്വരബാധയിൽ കഴിയുന്നുവെന്നുവേണം പറയാൻ. നാം തന്നെയാണ് രോഗാണു. അമേരിക്കൻ പരിസ്ഥിതി സംരക്ഷണ ഏജൻസിയുടെ മുൻതലവനായിരുന്ന വില്ല്യം റിക്കൻ ഷോയുടെ വാക്കുകളാണിത്.

ഭ്രാന്തമായ സാമ്പത്തിക വളർച്ചയും ജനസംഖ്യാവർദ്ധനവും സൃഷ്ടിച്ച പരിസ്ഥിതിനാശം ശാസ്ത്രസാങ്കേതിക വിദ്യയുടെയും പല രംഗങ്ങളിലും പ്രകടിപ്പിച്ച കാര്യക്ഷമമായ മാനേജ്മെന്റിന്റെയും നേട്ടങ്ങളെ തകിടം മറിച്ചിരിക്കുന്നു. അസ്ഥിരമായ പാതയിലൂടെയാണ് നാം സഞ്ചരിക്കുന്ന്. ഗ്ലോബൽ എൺവയണ്മെന്റ് ഔട്ട് ലുക്ക് 2000 പുറത്തിറക്കിക്കൊണ്ട് യു.എൻ.ഇ.പി. എക്സിക്യൂട്ടീവ് ഡയറക്ടർ ക്ലോസോയിഫർ (ഇഹമൗ െഠീലുളലൃ) പറഞ്ഞു. ഐക്യരാഷ്ട്രസഭയുടെ വിവിധ ഏജൻസികളുടെയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള 850 പരിസ്ഥിതി ശാസ്ത്രജ്ഞന്മാരുടെയും ഈ രംഗത്ത് ഗവേഷണം നടത്തുന്ന 30 പരിസ്ഥിതി സ്ഥാപനങ്ങളുടെയും അറിവും അഭിപ്രായങ്ങളും വിലയിരുത്തി ഈ നൂറ്റാണ്ടിലെ പരിസ്ഥിതി വെല്ലുവിളികളെക്കുറിച്ചുള്ള ഏറ്റവും ആധികാരികമായ അവലോകനമാണ് 1999 സെപ്റ്റംബർ 15-ന് പ്രസിദ്ധീകരിച്ച ഇ.ഇ.സി. 2000 ത്തിലൂടെ യു.എൻ. ഇ.പി. നടത്തിയത്.

പരിസ്ഥിതിയുടെ തകർച്ച ദാരിദ്ര്യത്തെക്കാൾ വലിയ വെല്ലുവിളിയാണെന്ന് യുണൈറ്റഡ് നേഷൻസ് ജനറൽ സെക്രട്ടറി കോഫി അന്നൻ ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽതന്നെ പ്രഖ്യാപിച്ചു.





പരിസ്ഥിതി ഇന്ന് നിലനില്പിന്റെ പ്രശ്നമായി മാറിയിരിക്കുന്നു. മനുഷ്യന്റെയും മറ്റു ജീവികളുടെയും മാത്രമല്ല ഭൂമിയുടെ തന്നെ നിലനില്പിന്റെ പ്രശ്നം. നാശത്തിന്റെ നിഴൽവീണിരിക്കുന്ന ഈ ഗ്രഹത്തെ രക്ഷിക്കാനാകുമോ എന്ന ആശങ്കയോടെയാണ് നാം പുതിയ നൂറ്റാണ്ടിലേക്ക് പ്രവേശിക്കുന്നത്. ഇനിയും എത്ര നാൾ ഭൂമിക്ക് ജീവനെ താങ്ങിനിർത്താനാവും? ഭൂമിക്കുതന്നെ നിലനില്ക്കാനാവും? ആഗോളവല്ക്കരണത്തിന്റെയും ഉദാരവല്ക്കരണത്തിന്റെയും തണലിൽ 'പുതിയ ആകാശവും പുതിയ ഭൂമിയും' സൃഷ്ടിക്കാനുള്ള സ്വപ്നങ്ങളും പ്രതീക്ഷകളും നെയ്തു കൂട്ടുമ്പോൾ ഉൽക്കണ്ഠാജനകമായ ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു. പരിസ്ഥിതിയെ നാം എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെ സംബന്ധിച്ച് പ്രധാനപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളുവാൻ നമുക്ക് അധികം സമയം ഇനിയും അവശേഷിച്ചിട്ടില്ല. ഇപ്പോൾ നാം തീരുമാനിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടത് ഏതു തരം പരിസ്ഥിതിയെയാണ് ഭാവി തലമുറയ്ക്കുവേണ്ടി കരുതിവയ്ക്കേണ്ടതെന്നാണ്. ഇതാണ് പാരിസ്ഥിതിക പ്രതിസന്ധിയുടെ അന്തഃസത്ത.

യഥാർത്ഥത്തിൽ ഇന്നത്തെ പാരിസ്ഥിതിക പ്രതിസന്ധി ഉടലെടുത്തിട്ടുള്ളത് നമ്മുടെ പരാജയങ്ങളിൽ നിന്നല്ല എന്നതാണ് രസകരമായ വസ്തുത. മറിച്ച് നാം ഏറ്റവും വലിയ വിജയമെന്നും ശാസ്ത്രത്തിന്റെ മഹത്തായ സംഭാവനയെന്നും കരുതിയ ആധുനിക ഉപഭോഗ-ധനാഢ്യജീവിതരീതിയിൽ നിന്നാണ് ഇതിന്റെ ഉത്ഭവം. ഈ പ്രക്രിയയിൽ പ്രകൃതി വിഭവങ്ങളെല്ലാം സാമ്പത്തിക നേട്ടമുണ്ടാക്കുന്ന ഇനങ്ങളെന്നു നാം തെറ്റിദ്ധരിച്ചു. യഥാർത്ഥത്തിൽ അവയെല്ലാം അനുപേക്ഷണീയമായ മൂലധനവസ്തുക്കളായിരുന്നു. നാം ഉപയോഗിച്ചു തീർത്തത് മൂലധനമായിരുന്നു, അതിന്റെ പലിശയല്ല.

### യഥാർത്ഥ പ്രതിസന്ധി

ഇന്നത്തെ പാരിസ്ഥിതിക പ്രതിസന്ധി അതിൽത്തന്നെ ഒരു രോഗമല്ല, മറിച്ച് വെറും രോഗലക്ഷണമേ ആകുന്നുള്ളു. എന്നാൽ യഥാർത്ഥ രോഗം എന്താണ്? ലാഭക്കൊതിയിലും ചൂഷണത്തിലും അധിഷ്ഠിതമായ ആധുനിക ഉപഭോഗ-മുതലാളിത്ത വികസന പ്രക്രിയയാണ് രോഗം. ലോകജനസംഖ്യയുടെ അഞ്ചുശതമാനം മാത്രം വരുന്ന അമേരിക്കയെപ്പോലുള്ള വികസിത മുതലാളിത്ത രാഷ്ട്രങ്ങൾ ലോകത്ത് ലഭ്യമായ ആകെ ഊർജ്ജത്തിന്റെയും വിഭവങ്ങളുടെയും കലവറ അന്ധമായി ഉപയോഗിക്കുന്നു. യൂണൈറ്റഡ് നേഷൻസ് ഡവലപ്പ്മെന്റ് പ്രോഗ്രാം 1999-ൽ പുറത്തിറക്കിയ "ഹ്യൂമൻ ഡവലപ്പ്മെന്റ് റിപ്പോർട്ട്" വെളിപ്പെടുത്തുന്ന സ്ഥിതിവിവരക്കണക്കുകൾ ഞെട്ടിപ്പിക്കുന്നവയാണ്. വികസിത അവികസിത രാജ്യങ്ങളിലെ സമ്പത്തും ദാരിദ്ര്യവും തമ്മിലുള്ള അനുപാതം 1960-ൽ 30:1 ആയിരുന്നെങ്കിൽ 1990-ൽ 60:1 ആയും 1997-ൽ 74:1 ആയും വർദ്ധിച്ചുവത്രെ. പല രംഗങ്ങളിലുമുള്ള ഗവേഷണവും വികസനവും സംരംഭങ്ങളും അറിവിന്റെ സംഭരണവും എല്ലാം സമ്പന്ന രാഷ്ട്രങ്ങളെ മാത്രം കേന്ദ്രീകരിച്ചുള്ളതാണ് എന്ന് പ്രസ്തുത റിപ്പോർട്ട് വെളിപ്പെടുത്തുന്നു. ലോകത്തിലെ ഏറ്റവും സമ്പന്നരായ മൂന്നു വ്യക്തികളുടെ ആസ്തി പല അവികസിത രാജ്യങ്ങളിലെ മുഴുവൻ ജനങ്ങളുടെയും വരുമാനത്തെക്കാൾ കൂടുതലാണ്. ഈ അന്തരങ്ങൾ പരിസ്ഥിതി നാശവുമായി എങ്ങനെ ബന്ധപ്പെട്ടു കിടക്കുന്നു? ഇതു മനസ്സിലാക്കണമെങ്കിൽ പരിസ്ഥിതി എന്നാൽ എന്ത് എന്നതിനെക്കുറിച്ച് ഒരു സമഗ്ര വിശകലനം ആവശ്യമാണ്.

*(അടുത്ത ലക്കത്തിൽ "എന്താണ് പരിസ്ഥിതി?")*

*With Best Compliments From*



**Mathew & Family Alampallil**
Anand parle, Thane-400 601

Thankamma Mathew
Jessy Mathew
Santhosh Mathew
Sanjay Mathew

# ഫിലിപ്പോസ് മാർ യൗസേബിയോസ്: എഴുപതിലെത്തിയ തുമ്പമൺ ഭദ്രാസനാധിപൻ

പ്രൊഫ. വറുഗീസ് പടിയറ
(അഖില മലങ്കരപ്രാർത്ഥനായോഗം സെക്രട്ടറി)

സ്നേഹത്തിന്റെയും സേവനത്തിന്റെയും പാതയിൽ സഭയ്ക്കും സമൂഹത്തിനും മാർഗ്ഗദർശിയായ ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തയുടെ എഴുപതാം ജന്മദിനം തുമ്പമൺ ഭദ്രാസനത്തിനു ഉത്സവലഹരി പകർന്നു. സപ്തതിയുടെ നിറവിലും ആഘോഷം വേണ്ടെന്നാണ് തിരുമേനി പറയുന്നത്. സേവനപാതയിൽ സമൂഹനന്മയ്ക്കായി ആഘോഷം വഴിമാറണമെന്നതാണ് നല്ല ഇടയന്റെ വാമൊഴി. അതിനാൽ സേവനത്തിനു മുൻതൂക്കം നല്കി മേളക്കൊഴുപ്പു കുറച്ചാണ് പിറന്നാൾ കൊണ്ടാടിയത്. എങ്കിലും മൂന്നു ദിവസം സഭാമക്കൾക്ക് ഉത്സവലഹരിയായിരുന്നു. സാധുക്കളായ ഭദ്രാസനാംഗങ്ങൾക്കും സഭയ്ക്കും ജീവകാരുണ്യപരവും ആദ്ധ്യാത്മീകവുമായ നേട്ടങ്ങൾ കൈവരിക്കത്തക്കവിധമാണ് ജന്മദിനാചരണപരിപാടികൾ തയ്യാറാക്കിയത്. തിരുമേനി തുമ്പമൺ ഭദ്രാസനഭരണം ഏറ്റശേഷം ആദ്ധ്യാത്മിക, യുവജന-സാധുജന സംരക്ഷണമേഖലകളിലാണ് തന്റെ ശ്രദ്ധ കാര്യമായി ചെലുത്തിക്കൊണ്ടിരുന്നത്.

നിസ്തുലവും ത്യാഗോജ്ജ്വലവുമായ ജീവിതം കൊണ്ട് മലങ്കര ഓർത്തഡോക്സ് സഭയെ കർമ്മോൻമുഖമാക്കിക്കൊണ്ടിരിക്കുന്ന ആചാര്യശ്രേഷ്ഠരിൽ ഒരാളത്രെ അഭിവന്ദ്യ യൗസേബിയോസ് തിരുമേനി. വേഷത്തിലും ജീവിതത്തിലും തികഞ്ഞ ഒരു ഭാരതീയ ആചാര്യശ്രേഷ്ഠനെയാണ് മെത്രാപ്പോലീത്തയിൽ കാണാൻ കഴിയുക. ലാളിത്യവും ഭക്തിയും ത്യാഗസന്നദ്ധതയും, ആദർശപരമായ ഔന്നത്യവും ആ ജീവിതത്തിന്റെ മുഖമുദ്രകളാണ്. ദൈവഹിതാനുസരണം തന്നെ ഭരമേല്പിച്ച ആട്ടിൻപറ്റത്തെ വിശ്വസ്തതയോടെ മേയിക്കുന്ന ഈ നല്ലിടയൻ പച്ചയായ പുല്പുറങ്ങളിലേക്ക് അജഗണങ്ങളെ നയിച്ചുകൊണ്ടിരിക്കുന്നു. അഹങ്കാരത്തിനും അഴിമതിയ്ക്കും അലസരയ്ക്കും, ഉദാസീനതയ്ക്കും എതിരായി ആ ഉജ്ജ്വലനേത്രം ജ്വലിക്കുമ്പോൾ ആരും ചൂളിപ്പോകും. വിജ്ഞാനത്തിന്റെ വിളനിലവും പരമാർത്ഥതയുടെ പാർപ്പിടവും ഭക്തിയുടെ ശക്തികേന്ദ്രവും സർവ്വോപരി സകലർക്കും സമാരാദ്ധ്യനുമായ മെത്രാപ്പോലീത്ത നർമ്മബോധമുള്ള നല്ല ഒരു വ്ഗാമിയും ശ്രേഷ്ഠനായ ഒരു ആചാര്യനും ദീർഘദൃഷ്ടിയുള്ള ഒരു സഭാനേതാവുമാണ്.

സഭയുടെ അഭ്യുന്നതിക്കുവേണ്ടിയും ക്രൈസ്തവസഭകളുടെ ഐക്യത്തിനുവേണ്ടിയും സാമൂഹികമായ പ്രശ്നങ്ങൾ ക്രിസ്തീയ മാർഗ്ഗത്തിൽകൂടി പരിഹരിക്കുന്നതിനുവേണ്ടിയും നിശബ്ദമായി പ്രവർത്തിക്കുന്ന അദ്ദേഹത്തിന് ഇരുളടഞ്ഞ പല പ്രതികൂലസാഹചര്യങ്ങളെയും നിർഭാഗ്യകരങ്ങളായ പരീക്ഷണങ്ങളെയും അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ടെന്നുള്ളത് പരമാർത്ഥം തന്നെ. പക്ഷേ, ദൈവകരങ്ങളിൽ ആശ്രയിച്ചുകൊണ്ട് അദ്ദേഹം അചഞ്ചലനായി മുന്നേറുന്നു. പിന്നിട്ട പാതകളിലെല്ലാം ദൈവ പരിപാലനം അദ്ദേഹത്തെ കൈപിടിച്ചുനടത്തി. അജപാലനത്തിന്റെ പാഠങ്ങൾ മുൻഗാമികളിൽനിന്നു നന്നായി പഠിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. വിജ്ഞാനവും വിവേകവും പക്വതയും വിശുദ്ധിയുടെ നൈർമല്യവും യൗവനത്തിന്റെ ഊർജ്ജസ്വലതയും എന്നുവേണ്ട തിളക്കമാർന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമ തന്നെയാണ് അദ്ദേഹം. തന്റെ മുൻഗാമികളായിരുന്ന മെത്രാപ്പോലീത്താമാർ വെട്ടിത്തുറന്ന പാതയിലൂടെ തുമ്പമൺ ഭദ്രാസനത്തിന്റെ നാനാമുഖമായ അഭിവൃദ്ധിയും കെട്ടുറപ്പും മുന്നിൽ കണ്ടുകൊണ്ട് യൗസേബിയോസ് മെത്രാപ്പോലീത്ത തന്റെ ഭരണനൗകയെ നയിക്കുന്നു.

ജീവിതത്തിന്റെ സായാഹ്നത്തിലെത്തിയ സാധുക്കളായ വൃദ്ധജനങ്ങൾക്ക് സുരക്ഷിതത്വത്തിന്റെ സങ്കേതമായി സമാരംഭിച്ച തുമ്പമൺ വനിതാമന്ദിരം പാശ്ചാത്യ പരിഷ്ക്കാരത്തിന്റെ പുകമറ പടർന്നു വരുന്ന നമ്മുടെ നാട്ടിൽ ഒരു മാതൃകാസ്ഥാപനമായി അദ്ദേഹത്തിന്റെ ക്രാന്തദർശിത്വത്തെ വിളിച്ചറിയിക്കുന്നു. സ്ഥാപനങ്ങൾ എത്ര പടുത്തുയർത്തിയാലും ഭൗതികപുരോഗതി എത്ര കൈവരിച്ചാലും ഭാവിതലമുറ ആദ്ധ്യാത്മിക നവോന്മേഷത്തിൽ വളരുന്നില്ലെങ്കിൽ സഭയ്ക്ക് എന്തുപ്രയോജനമെന്ന് ഉറക്കെ ചിന്തിക്കുന്നയാളാണ് മെത്രാപ്പോലീത്ത. അശരണരും ആലംബഹീനരുമായ നിർദ്ധനർക്ക് ഭവനനിർമ്മാണപരിപാടിയും വിദ്യാഭ്യാസ സ്കോളർഷിപ്പ് പരിപാടിയും ഏർപ്പെടുത്തിക്കൊണ്ട് വിശുദ്ധ പൗലോസിന്റെ വാക്യം പ്രാവർത്തികമാക്കാൻ അദ്ദേഹം ഉറ്റു ശ്രമിക്കുന്നു. മറ്റുള്ളവരുടെ ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെ തന്റെ അഭിപ്രായങ്ങൾ വെട്ടിത്തുറന്നു പറയാൻ അദ്ദേഹം ആത്മധൈര്യം കാണിക്കുന്നു. അതിനുള്ള ഒരു മനസ്സും ഹൃദയലാളിത്യവും അദ്ദേഹത്തിനുണ്ട്.



യൗസേബിയോസ് തിരുമേനി ജന്മദിനകേക്ക് മുറിക്കുന്നു. സമീപം ജസ്റ്റീസ് ബഞ്ചമിൻ കോശി, തോമസ് മാർ അത്താനാസ്യോസ്, മുനിസിപ്പൽ ചെയർമാൻ ഹാജി സി. മീരാസാഹിബ്, തെയഫോറസ് റമ്പാൻ, സഭാ സെക്രട്ടറി എ.കെ. തോമസ്, കേണൽ ഡി. വർഗീസ്

തിരുമേനിയുടെ എഴുപതാം ജന്മദിനമായ ജൂൺ 16-ന് ഭദ്രാസനത്തിലെ ആദ്ധ്യാത്മിക സംഘടനാ പ്രവർത്തകർ ഒത്തുകൂടി ബാല്യകാല സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളും ആദ്യകാല സഹപ്രവർത്തകരും ജന്മദിന മംഗളവുമായി അന്നുതന്നെ എത്തി. പിന്നിട്ട പാതകളിലൂടെ ഓട്ടപ്രദിക്ഷണത്തിനു തിരുമേനിക്കു കിട്ടിയ അവസരം കൂടിയായിരുന്നു ഈ സംഗമം. ഭദ്രാസന സെക്രട്ടറി ഫാ. ടൈറ്റസ് ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. അസാധാരണമായ ആദർശധീരതയും അനുപമമായ കർമ്മചൈതന്യവും, അചഞ്ചലമായ വിശ്വാസദാർഢ്യവും, അത്യുദാരമായ മനുഷ്യസ്നേഹവും അദ്ദേഹത്തിൽ നിറഞ്ഞു നില്ക്കുന്നുവെന്നും അസാധാരണമായ വ്യക്തിമഹത്വത്തിന്റെ ചൈതന്യം മെത്രാപ്പോലീത്തയുടെ പ്രസംഗത്തിൽ മാത്രമല്ല പ്രവർത്തനങ്ങളിലും ദൃശ്യമാണെന്നും പ്രൊഫ. വർഗീസ് പടിയറ പറഞ്ഞു. എം.ജി.ഒ.സി.എസ്.എം. ജനറൽ സെക്രട്ടറി ഫാ. ഡോ. എം.സി. ചെറിയാൻ, കെ.വി. മാമ്മൻ, റോയി നെല്ലിക്കാല, ടി.പി. ജോർജ്ജ്, അന്നമ്മ ദാനിയേൽ, എൻ.ഡി. ജോയി, പ്രൊഫ. കെ.ജെ. മാത്യു, പ്രൊഫ. കുഞ്ഞമ്മ ജേക്കബ്, ടി.ജെ. ജോണിക്കുട്ടി, സി.എം. ജോർജ്ജ് എന്നിവരും പ്രസംഗിച്ചു.

എം.ജി.ഒ.സി.എസ്.എം. സീനിയർ ഫ്രണ്ട് ഫോറത്തിന്റെ ഉദ്ഘാടനം വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ പ്രസിഡന്റ് കൂടിയായ യൗസേബിയോസ് തിരുമേനി നിർവ്വഹിച്ചു. വിവിധ സംഘടനാനേതാക്കളും വ്യക്തികളും പാരിതോഷികങ്ങൾ സമർപ്പിച്ചു. മെത്രാപ്പോലീത്ത അരമനചാപ്പലിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. ജന്മദിന കേക്കും മുറിച്ചു. തുടർന്ന് സ്നേഹവിരുന്നും നടന്നു. എതിർപ്പുകളെ എതിരേൽപ്പുകളായി സ്വീകരിച്ച് ആദ്ധ്യാത്മികരംഗത്ത് എത്തിയ കഥകൾ തിരുമേനി പറഞ്ഞു. മെത്രാപ്പോലീത്ത ഉള്ളു തുറന്നപ്പോൾ കൂടിവന്നവരുടെ കണ്ണുകൾ നിറഞ്ഞു. ഇനിയുള്ള കാലം സഭയ്ക്കും സമൂഹത്തിനും ദൈവത്തിനുംവേണ്ടി തന്റെ ജീവിതം പൂർണ്ണമായും സമർപ്പിച്ചതായി തിരുമേനി പ്രസ്താവിച്ചു. ഭവനരഹിതരായി വലഞ്ഞ 400 കുടുംബങ്ങൾക്ക് വീടു നിർമ്മിച്ചു നല്കുന്ന പദ്ധതി പൂർത്തിയായി വരുന്നതിൽ അദ്ദേഹത്തിനു സന്തോഷം ഏറെയാണ്.

തുമ്പമൺ ഭദ്രാസന കൗൺസിലിന്റെയും സുവിശേഷസംഘത്തിന്റെയും ആഭിമുഖ്യത്തിൽ നടത്തിയ അനുമോദന സമ്മേളനം ഉദ്ഘാടനം ചെയ്തത് ജസ്റ്റീസ് ബഞ്ചമിൻ കോശിയാണ്. ഫിലിപ്പോസ് മാർ യൗസേബിയോസ് തിരുമേനി മനുഷ്യസ്നേഹത്തിന്റെ പ്രതീകമാണെന്നും ക്രൈസ്തവസ്നേഹത്തിന്റെ സന്ദേശം വിളംബരം ചെയ്ത് ആദ്ധ്യാത്മികരംഗത്ത് ഉയർന്നു പ്രകാശിക്കുന്ന അദ്ദേഹം സഭയ്ക്കു അഭിമാനം വളർത്തുന്ന ആചാര്യശ്രേഷ്ഠനാണെന്നും ജസ്റ്റീസ് പറഞ്ഞപ്പോൾ ഭദ്രാസനാംഗങ്ങൾ അഭിമാന പുളകിതരായി. ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ എസ്. സുകുമാരൻ തെയോഫോറസ് റമ്പാൻ, സഭാ സെക്രട്ടറി എ.കെ. തോമസ്, ഭദ്രാസന സെക്രട്ടറി ഫാ. ടൈറ്റസ് ജോർജ്ജ് എന്നിവർ ആശംസകൾ അർപ്പിച്ചു. സാമൂഹിക, സാംസ്ക്കാരിക രംഗങ്ങളിലെ അദ്ദേഹത്തിന്റെ മികച്ച സംഭാവനകളെ അംഗീകരിച്ചാദരിക്കാൻ നഗരസഭാ ചെയർമാൻ ഹാജി സി. മീരാ സാഹിബും വൈസ് ചെയർമാൻ ഹാജി എ. ഷംസുദീനും മറ്റ് അംഗങ്ങളും എത്തിയിരുന്നു. വാഴമുട്ടം സെന്റ് ബഹനാൻ ഓർത്തഡോക്സ് പള്ളിയിലെ എഴുപതു ബാലികമാർ എഴുപതു പൂച്ചെണ്ടുകൾ നല്കി തിരുമേനിയെ സ്വീകരിച്ചു. കെ. ഫ്രാൻസിസ് ജോർജ്ജ് എം.പി., കെ.കെ. നായർ എം.എൽ.എ. തുടങ്ങിയ ജനപ്രതിനിധികളും മെത്രാപ്പോലീത്തായെ സന്ദർശിച്ച് ആശംസകൾ അറിയിച്ചു.

മാർ പീലക്സിനോസ് സ്മാരക മന്ദിരത്തിൽ കൗൺസലിംഗ് സെന്റർ തുറന്നതും, മന്ദബുദ്ധികളായ കുട്ടികൾക്ക് വിദ്യാഭ്യാസം നല്കുന്നതിനായി പ്രകാശധാര സ്കൂൾ തുടങ്ങിയതും തിരുമേനിയുടെ ആഗ്രഹപ്രകാരമാണ്. പിറന്നാൾ ആഘോഷത്തിന്റെ ഭാഗമായിട്ടാണ് പ്രകാശധാര സ്കൂൾ ഉദ്ഘാടനം ചെയ്തത്. ബുദ്ധിവികാസം പ്രാപിക്കാത്ത കുട്ടികൾക്കായി ആരംഭിച്ച സ്കൂളിന്റെ ഉദ്ഘാടനവേളയിൽ തിരുമേനി വളരെയധികം സന്തോഷവാനായിരുന്നു. സഭയുടെ അന്തർധാര സ്നേഹത്തിന്റെ പ്രകാശനമാണെന്നു അദ്ധ്യക്ഷ പ്രസംഗത്തിൽ തിരുമേനി ഉദ്ബോധിപ്പിച്ചു.

സ്കൂളിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോ. മേരി തോമസ് മാടോലിലും സ്കൂൾ വികസന ഫണ്ടിന്റെ ഉദ്ഘാടനം വൈസ് പ്രസിഡന്റ് കൊടുമൺ ഗോപിനാഥൻ നായരും നിർവ്വഹിച്ചു. ഹാജി സി. മീരാ സാഹിബ്, കാതോലിക്കേറ്റു കോളജ് പ്രിൻസിപ്പൽ പ്രൊഫ. ഏബ്രഹാം ജോർജ്ജ്, എം. ഷംസുദ്ദീൻ, പ്രൊഫ. ഉമ്മൻ ജേക്കബ്, സി.എ. ജോൺ കോർ എപ്പിസ്കോപ്പാ, ഭദ്രാസന സെക്രട്ടറി ഫാ. ടൈറ്റസ് ജോർജ്ജ്, ഫാ. ജേക്കബ് ബേബി, ഡോ. ടി.എ. ജോർജ്ജ്, അപ്രേം റമ്പാൻ, പ്രൊഫ. വർഗീസ് പടിയറ എന്നിവർ പങ്കെടുത്തു. വിശ്വാസദീപം കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കുവാനും സഭയെ തന്റെ ജീവനും രക്തവും നല്കി വളർത്താനും വെമ്പൽപൂണ്ടു പ്രവർത്തിക്കുന്ന അദ്ദേഹം മലങ്കര ഓർത്തഡോക്സ് സഭാചരിത്രത്തിന്റെ ഏടുകളിൽ വ്യക്തിമുദ്ര പതിപ്പിച്ചുകഴിഞ്ഞു.

സുഖശീതള ശുദ്ധജലവാഹിനിയായ പമ്പയുടെ തീരത്ത് കോഴഞ്ചേരി നാരങ്ങാനം പേരങ്ങാട്ട് പുത്തൻപറമ്പിൽ പരേതനായ പി.ജി. തോമസിന്റെയും സാറാമ്മയുടെയും പുത്രനായി 1931 ജൂൺ 16-നാണ് ജനിച്ചത്. ബി.എസ്.സി.ക്കുശേഷം ബാംഗ്ലൂർ യു.ടി. കോളജിൽനിന്ന് വേദശാസ്ത്ര ബിരുദവും ജനീവാ യൂണിവേഴ്സിറ്റിയിൽനിന്നു വേദശാസ്ത്രപഠനത്തിൽ പോസ്റ്റ്ഗ്രാജ്വേറ്റ് സർട്ടിഫിക്കറ്റും നേടി. 1962 വരെ സതേൺ റെയിൽവേയിൽ ജോലി നോക്കിയിരുന്ന അദ്ദേഹത്തിന് വളരെ വൈകിയാണ് വൈദികവൃത്തിയിൽ പ്രവേശിക്കാനുള്ള ആഹ്വാനമുണ്ടായത്. പൗരോഹിത്യം ദൈവത്തിന്റെ ഒരുവരദാനമാണ്, മെത്രാൻ സ്ഥാനലബ്ധി ഒരു അപൂർവ്വാനുഗ്രഹവും. 1972 ഡിസംബർ 21-ന് വിനയംകൊണ്ട് കുനിഞ്ഞ ആ ശിരസ്സിൽ ദൈവകൃപയുടെ കിരീടം അണിയിക്കപ്പെട്ടു. ക്രിസ്തുവിന്റെ പൗരോഹിത്യ പദവിയിൽ പങ്കുചേരാൻ അദ്ദേഹത്തെ മെൽക്കിസെദേക്കിന്റെ ഗണത്തിലേക്ക് കൈപിടിച്ചുയർത്തിയത് ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്തയുടെ കരങ്ങളാണെങ്കിൽ 1974 ജൂൺ 15-ന് ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തയാണ് വൈദികപട്ടം നല്കിയത്.

1985 മേയിൽ മാവേലിക്കര പുതിയകാവ് പള്ളിയിൽവച്ച് മെത്രാൻ സ്ഥാനവും സ്വീകരിച്ചു. 1985 മുതൽ 90 വരെ തുമ്പമൺ ഭദ്രാസനത്തിന്റെ സഹായമെത്രാനായിരുന്നു. 90 മുതൽ ഭദ്രാസനത്തിന്റെ പ്രധാന ശുശ്രൂഷകനായി.

എം.ജി.ഒ.സി.എസ്.എം. പ്രസിഡന്റ്, സഭാമിഷൻ ബോർഡ് കോ-പ്രസിഡന്റ്, ഇന്റർ ചർച്ച് റിലേഷൻ കമ്മിറ്റി പ്രസിഡന്റ്, നിലയ്ക്കൽ എക്യുമെനിക്കൽ സെന്റർ കോ-ട്രസ്റ്റി, വൈദിക സെമിനാരി ഗവേണിങ്ങ് ബോർഡ് അംഗം, സുന്നഹദോസ് സ്റ്റാൻഡിങ് കമ്മിറ്റിയംഗം തുടങ്ങിയ നിലകളിൽ പ്രവർത്തിക്കുന്നു. ഓർത്തഡോക്സ് സഭയെ പ്രതിനിധാനം ചെയ്തു പല രാജ്യാന്തരസമ്മേളനങ്ങളിലും പങ്കെടുത്തിട്ടുണ്ട്. നാലു സഹോദരന്മാരും രണ്ടു സഹോദരികളുമാണുള്ളത്. ഫാ. പി.ടി. മാത്യൂസ് നാരങ്ങാനം മൂത്ത സഹോദരനാണ്. സപ്തതി ആഘോഷിക്കുന്ന മെത്രാപ്പോലീത്താ തിരുമേനിക്ക് സർവ്വമംഗളങ്ങളും നേരുന്നു. ■

# സൺഡേസ്കൂൾ വാർത്ത

### ഒറീസ്സാ റീലീഫ് ഫണ്ട

ഒറീസ്സാ റീലീഫ് പ്രവർത്തനങ്ങൾക്ക് ഏപ്രിൽ മാസത്തിൽ നല്കിയ 5 വീടുകൾക്കു പുറമെ ഒരു വീടിനുള്ള നാല്പതിനായിരം രൂപാകൂടി ജീവകാരുണ്യദിന സ്തോത്രകാഴ്ചയിൽ നിന്നും ആഗസ്റ്റ് 8-ാം തീയതി കൂടുന്ന വാർഷിക പൊതുയോഗത്തിൽവച്ച് നല്കുന്നതാണ്.

### എൻഡോവ്മെന്റ്

മുപ്പതിൽപ്പരം വർഷം സൺഡേസ്കൂൾ അസോസിയേഷൻ എക്സിക്യൂട്ടീവ് കമ്മറ്റി അംഗം എന്ന നിലയിലും കൊല്ലം ഭദ്രാസന ഡയറക്ടറുമായിരുന്ന പത്തനാപുരം ചാമക്കാല തെക്കേതിൽ ഡി.സി. ജോർജ്ജിന്റെ സ്മരണയ്ക്കായി 50000 രൂപയുടെ എൻഡോവ്മെന്റ് ഏർപ്പെടുത്തുന്നതാണ്. ആയതിലേക്ക് അസ്സോസിയേഷൻ ഫണ്ടിൽനിന്നും 10001 രൂപയും ബാക്കി അദ്ദേഹത്തിന്റെ ഭവനക്കാരിൽനിന്നും ഭദ്രാസനത്തിലെ അഭ്യുദയകാംക്ഷികളിൽനിന്നും ശേഖരിക്കേണ്ടതുമാണ്.

### പ്രശംസാപത്രവും അവാർഡും

സൺഡേസ്കൂൾ രംഗത്ത് 50-ൽപരം വർഷങ്ങൾ സേവനം അനുഷ്ഠിച്ചവർക്ക് സൺഡേസ്കൂൾ അസ്സോസിയേഷന്റെ വാർഷിക സമ്മേളനത്തിൽവച്ച് പ്രശംസാപത്രവും, അവാർഡും നല്കുന്നതാണ്. അങ്കമാലി-2, ബത്തേരി-1, ചെങ്ങന്നൂർ-4, കണ്ടനാട്-5, കോട്ടയം-14, കോട്ടയം സെൻട്രൽ-3, നിരണം-11, തിരുവനന്തപുരം-6, തുമ്പമൺ-20, കൊല്ലം-12, കുന്ദംകുളം-5 എന്നിങ്ങനെ ആകെ 83 പേർ അന്ന് അവാർഡ് സ്വീകരിക്കുന്നതാണ്.

### വാർഷിക പൊതുയോഗം

സൺഡേസ്കൂൾ അസ്സോസിയേഷന്റെ വാർഷിക പൊതുയോഗം 2000-മാണ്ട് ആഗസ്റ്റ് 12-ാം തീയതി ശനിയാഴ്ച ദേവലോകം കാതോലിക്കേറ്റ് ഹാളിൽവച്ച് അസോസിയേഷൻ പ്രസിഡന്റ് അഭിവന്ദ്യ മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടും. പ. കാതോലിക്കാ ബാവാ യോഗം ഉദ്ഘാടനം ചെയ്ത് സഭയിലെ പ്രശസ്തരായ 83 സൺഡേസ്കൂൾ പ്രവർത്തകരെ അഭിനന്ദിച്ച് സഭാവകയായുള്ള പ്രശംസാപത്രവും അവാർഡും സമ്മാനിക്കുന്നതാണ്.

അസ്സോസിയേഷന്റെ വാർഷിക റിപ്പോർട്ട് ഡയറക്ടർ ജനറൽ ബ. റ്റി.ജെ. ജോഷ്വാ അച്ചൻ അവതരിപ്പിക്കും. കണക്കുകൾ (ഒ.എസ്.എസ്.എ.ഇ., ഒ.വി.ബി.എസ്.) ട്രഷറാർ ശ്രീ. റ്റി. ഈ. ജോസഫ് അവതരിപ്പിക്കും. 2000-2001-ലെ ബഡ്ജറ്റുകളും അവതരിപ്പിക്കുന്നതാണ്. അസ്സോസിയേഷൻ അംഗങ്ങളിൽനിന്നും ലഭിക്കുന്ന ചോദ്യങ്ങൾക്ക് എക്സിക്യൂട്ടീവ് കമ്മറ്റി ഉത്തരങ്ങൾ തയ്യാറാക്കി നല്കുന്നതായിരിക്കും.

സൺഡേസ്കൂൾ പ്രവീൺ, പ്രതിഭാ, വിജ്ഞാനി എന്നിവരെ അനുമോദിയ്ക്കും. മത്സരപരീക്ഷകളിലെ റാങ്കുജേതാക്കൾക്കുള്ള സമ്മാനങ്ങളും നല്കുന്നതാണ്. കവർ പിരിവിൽ ഏറ്റവും കൂടുതൽ തുക ശേഖരിച്ചതിനുള്ള ഭദ്രാസനത്തിന്റെ അവാർഡും സ്കൂളുകൾക്കുള്ള അവാർഡുകളും സമ്മാനിക്കുന്നതാണ്. 1999-ലെ എസ്.എസ്.എൽ.സി. യ്ക്ക് ഏറ്റവും കൂടുതൽ മാർക്ക് നേടിയ സൺഡേസ്കൂൾ കുട്ടിയെ യോഗം ആദരിച്ച് സമ്മാനം നല്കുന്നതാണ്. ഏറ്റവും നല്ല ഒ.വി.ബി.എസ്. റിപ്പോർട്ട് തയ്യാറാക്കിയ സോൺ ലവൽ ശ്രീ. എം.സി. ഗീവറുഗീസ് സ്മാരക സമ്മാനങ്ങളും നല്കുന്നതായിരിക്കും.

2002 മുതൽ ഒ.വി.ബി.എസിന്റെ പരിഷ്ക്കരിച്ച സിലബസ്സ് അനുസരിച്ചുള്ള പുസ്തകങ്ങളും തയ്യാറാക്കുന്നതാണ്.

**ജോഷ്വാ അച്ചൻ**
**ഡയറക്ടർ ജനറൽ**


## ഗിവ്സൈറ്റ് / ഗിവ് ലൈഫ് പ്രോജക്ട്

സെന്റ് ഗ്രീഗോറിയോസ് മിഷൻ ഹോസ്പിറ്റൽ, പരുമല, മാന്നാർ. പിൻ 689 626 ഫോൺ: 0479-312266, 312465

**ഗിവ്സൈറ്റ് പ്രോജക്ട്**

പരുമല സെന്റ് ഗ്രീഗോറിയോസ് മിഷൻ ആശുപത്രിയിലെ നേത്രചികിത്സ വിഭാഗവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം ആരംഭിച്ചതാണ് `Give Sight Project'.

സന്മനസ്സുള്ള ആർക്കും `Give Sight Project'-ൽ 1000/- (ആയിരം രൂപ) നല്കി അംഗമാകാം. ഇൻട്രാ ഓക്കുലർ ലെൻസ് (IOL) വച്ചുള്ള നൂതന ശസ്ത്രക്രിയ, പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ പേരിൽ ഒരു പാവപ്പെട്ട അന്ധന് ഞങ്ങൾ ചെയ്തുകൊടുക്കും. ഓപ്പറേഷൻ സംബന്ധിച്ച് വരുന്ന മറ്റ് ചിലവുകൾ ആശുപത്രി വഹിക്കും. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിച്ച രോഗിയെ സംബന്ധിച്ച വിവരങ്ങൾ യഥാവസരം നിങ്ങളെ അറിയിക്കുന്നതാണ്.

നേത്രചികിത്സാക്യാമ്പ്: ക്രിസ്റ്റഫൽ ബ്ലൈൻഡൻ മിഷൻ, ജർമ്മനിയുടെ സഹായത്താൽ എല്ലാ വ്യാഴാഴ്ചകളിലും സൗജന്യ നേത്രചികിത്സാക്യാമ്പുകൾ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്. താല്പര്യമുള്ളവർ നേത്രചികിത്സാവിഭാഗവുമായി ബന്ധപ്പെട്ടാൽ സൗജന്യ നേത്രചികിത്സാക്യാമ്പുകൾ നടത്തികൊടുക്കുന്നതാണ്.

**ഗിവ് ലൈഫ് പ്രോജക്ട്:**

പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയോട് ചേർന്ന് ഒരു അത്യാധുനിക ലഹരിവിമുക്ത ചികിത്സാകേന്ദ്രംകൂടി ആരംഭിച്ചിട്ടുണ്ട്. ലഹരി വസ്തുക്കൾക്ക് അടിമപ്പെടുക എന്നുള്ളത് ശാരീരികവും മാനസികവുമായ രോഗമാണ്. വിദഗ്ദ്ധ ചികിത്സയും കൗൺസലിംഗുംകൊണ്ട് ഈ രോഗത്തെ നിയന്ത്രണവിധേയമാക്കാവുന്നതാണ്. ലഹരിക്കടിമയായ ഒരാൾ രക്ഷനേടുമ്പോൾ ഒരു തലമുറയാണ് നന്നാവുന്നത്. ആസക്തി മൂലം സാമ്പത്തികമായി തകർന്ന ഒരാൾക്ക് ആശുപത്രിയിലെ ചികിത്സ ചിലവുകൾ വഹിക്കുവാൻ പ്രയാസമുണ്ട്.

തകർന്ന കുടുംബങ്ങളെ നേർവഴിക്ക് നടത്തുവാനുള്ള ഞങ്ങളുടെ പ്രയത്നത്തിൽ താങ്കൾക്കും പങ്കാളിയാകാം. ലഹരി വിമുക്ത ചികിത്സയ്ക്ക്, രണ്ടാഴ്ചത്തെ ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സയും തുടർന്ന് ഒരു വർഷത്തെ തുടർപരിപാടികൾക്കുംകൂടി ഏകദേശം 2500/- രൂപ ചിലവുവരും. 2500/- രൂപാ നല്കി താങ്കൾക്ക് ഒരു തലമുറയെ രക്ഷപ്പെടുത്തുവാൻ സാധിക്കും. ഈ തുക ഗഡുക്കളായും അടയ്ക്കാവുന്നതാണ്. സൈക്കോതെറാപ്പി കൗൺസലിംഗ് തുടങ്ങിയ മേഖലകളിൽ പ്രഗത്ഭരായ മനോരോഗ-മനഃശാസ്ത്ര വിദഗ്ദ്ധരുടെ സേവനം ഈ സെന്ററിൽ ലഭ്യമാണ്.

M.O. / D.D. / Cheque to Give Sight / Give Life Project C/o. Executive Officer, St. Gregorios Hospital, Parumala - 689 626






**7-ാം ചരമവാർഷികം**
**26-5-2000**



**Mr. K.O. Ukkuru**
(Rtd. Civil Engineer)

**3-ാം ചരമവാർഷികം**
**24-6-2000**



**Mrs. Kunjai Ukkuru**

**27-ാം ചരമവാർഷികം**
**21-6-2000**



**Mrs. Molly John**
**ജനനം: 9-11-1948**

**K.O. Franco, K.O. Varghese**
**K.O. Abraham**

Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2000
THE MALANKARA SABHA
CATHOLICATE OFFICE, KOTTAYAM-686 038

മദ്ധ്യസ്ഥതയിൽ അഭയംപ്രാപിക്കുന്നു



# O.G. Mathai & Family

Leelamma Mathai
Anil, Anila Philip
Samuel Philip, Kenzam Philip
Kezzy Eliza Philip

102 Gautam, Parag, Green Rd, Louiswadi, Thane

Printed and Published by Fr. T.G. Zacharia for Orthodox Viswasa Paripalana Samithy, Printed at Thressy Offset Printers, Kozhencherry - Tel. 315703 on behalf of Catholicate Press Kottayam - 38. Cheif Editor Rev. Dr. Jacob Kurian.
Rs. 5/-